മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 08 No. 42 | THE ONLINE OFFICIAL NEWS BULLETIN | 2025 October 16

SEASON OF THE HOLY CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
19	20	21	22	23	24	25
5th Sunday after the Holy Cross			261st Memorial of Mar Baselius Shakralla Chatholicos (Kandanadu Marthamariam Church)	Comme. of St. James the Apostle, Son of Alphaeus	8th Mem. of Zachariah Mar Theophilos Metropolitan (Christushishya Ashram, Thadagam)	
♪ 5	♪ 1	♪ 5	♪ 1	♪ 5	♪ 1	♪ 5



കാതോലിക്കാ സ്ഥാനാരോഹണ വാർഷികം ദേവലോകത്ത് ആഘോഷിച്ചു

ദേവലോകം: പരിശുദ്ധ ബാവാ തിരുമേനിയുടെ കാതോലിക്കാ സ്ഥാനാരോഹണത്തിന്റെ നാലാം വാർഷികം മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആഘോഷിച്ചു. വിശുദ്ധ കുർബാനയ്ക്ക് പരിശുദ്ധ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, സഖറിയാ മാർ സേവേറിയോസ് എന്നിവർ സഹകാർമ്മികരായി. കോട്ടയത്തെ എക്യൂമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് വേണ്ടി സി.എസ്.ഐ ബിഷപ്പ് ഉമ്മൻ ജോർജ് ആശംസകൾ നേർന്നു. അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, മലങ്കരമൽപ്പാൻ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്കോപ്പാ, പഴയസെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ്, ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ തുടങ്ങി നിരവധി വൈദികരും വിശ്വാസികളും സംബന്ധിച്ചു.



സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് അഖില മലങ്കര പ്രവർത്തന ഉദ്ഘാടനം പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, മെത്രാപ്പോലീത്താമാർ എന്നിവർ സമീപം.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനം ഏറ്റതിന്റെ നാലാം വാർഷികം പരുമല സെമിനാരിയിൽ ആഘോഷിച്ചു. രാവിലെ വിശുദ്ധ കുർബ്ബാനയ്ക്ക് പ. കാതോലിക്ക ബാവാ പ്രധാന കാർമികത്വം വഹിച്ചു. തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ സ്വാഗതം ആശംസിച്ചു. പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, എബ്രഹാം മാർ എപ്പിഫാനിയോസ് ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.



റോഡ് വികസനത്തിന്റെ പേരിൽ ചേപ്പാട് പള്ളിയെ നിയമപരമായി അറിയിക്കാതെയും ഇടവകയുടെ പ്രതിഷേധം വകവയ്ക്കാതെയും ആർ.ഡി.ഒ. യുടെയും പോലീസിന്റെയും നേതൃത്വത്തിൽ കുരിശടി പൊളിച്ചു നീക്കുന്നു.

വിശദമായ വാർത്തയ്ക്കു 19-ാം പേജ് കാണുക.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ദൈവകൃപയുടെ തണലിൽ ഒമ്പതാം കാതോലിക്കായുടെ നാല് വർഷങ്ങൾ

ഫാ. ബിജു പി. തോമസ്



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ പുണ്യപുരാതന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ഉയർത്തപ്പെട്ടിട്ടു നാലു വർഷങ്ങൾ തികയുന്നു. ഒരു നേതാവ് വിലയിരുത്തപ്പെടുന്നത്, നേതാവിന്റെ പ്രവർത്തനങ്ങളെ സത്യസന്ധമായും വിമർശനാത്മകമായും വിധേയപ്പെടുന്ന സമൂഹം നിരീക്ഷിക്കുമ്പോഴാണ്. ജോൺ ക്വിൻസി ആഡംസ് ഒരു നേതാവ് സമൂഹത്തിൽ നിർവഹിക്കേണ്ട ദൗത്യത്തെ സംബന്ധിച്ച് നടത്തിയ പ്രസ്താവന ഇവിടെ പ്രസക്തമാണെന്ന് ഞാൻ കരുതുന്നു. 'If your actions inspire others to dream more, learn more, do more and become more, you are a leader." - John Quincy Adams. ഒരു നേതാവിന്റെ കർമ്മങ്ങൾ തന്റെ ചുറ്റുമുള്ള സമൂഹത്തെ വർദ്ധിതമായ സ്വപ്നങ്ങൾ കാണുന്നതിനും കൂടുതൽ അറിയുന്നതിനും, കൂടുതൽ കർമ്മനിരതമായി വളരുവാനും പ്രചോദിപ്പിക്കുവാൻ സാധിക്കുന്നുണ്ടെങ്കിൽ, ആ വ്യക്തിയെ നമുക്ക് നിസംശയം നല്ല നേതാവെന്ന് സംബോധന ചെയ്യാം. എപ്പോഴും കർമ്മനിരതമായി തിരക്കിന്റെ ലോകത്തു അഭിരമിക്കുന്നവനല്ല ഒരു നല്ല നേതാവ്. ഒരു വലിയ സമൂഹത്തെ വലിയ മാറ്റങ്ങൾക്കായി കർമ്മനിരതരാകുവാൻ നിരന്തരം പ്രചോദിപ്പിക്കുവാൻ നേതാവിന് സാധിക്കണം. യേശുക്രിസ്തുവിന്റെ നേതൃത്വ മാതൃകയാണ് ഏറ്റവും ഉദാത്തമായത് എന്നു കരുതുന്നതിൽ തെറ്റില്ല. നമ്മുടെ കർത്താവായ യേശുക്രിസ്തു ലോകാവസാനം വരെ നിലനിൽക്കേണ്ടതായ പരിശുദ്ധ സഭയ്ക്കുണ്ടാകേണ്ടതായ നേതൃത്വത്തെയാണ് വിഭാവനം ചെയ്തിരുന്നത്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കൊരു നവ മാതൃക

ദാരിദ്രവും കഷ്ടതയും ചെറുപ്പകാലത്ത് പരിശുദ്ധ ബാവായുടെ സഹചാരിയായതു കൊണ്ടാകാം കഷ്ടപ്പെടുന്നവരോടും നിരാശ്രയരോടും വേദനിക്കുന്നവരോടും സാധുക്കളോടും സവിശേഷമായ കരുതലും കരുണയും ഉണ്ടായത്. തിരുമേനിയുടെ ബാല്യകാലത്തെ സംബന്ധിച്ച് പറയുന്നത് വളരെ ഹൃദയസ്പർശിയാണ്: 'വളരെയേറെ ദരിദ്രമായ ഒരു കുടുംബത്തിലാണ് എന്റെ ജനനം. വളരെയധികം കഷ്ടപ്പാടുകൾ നിറഞ്ഞ ബാല്യമായിരുന്നു. വീട്ടിലെ കൃഷിയിൽ നിന്നും ലഭിക്കുന്ന വരുമാനവും അപ്പൻ റബ്ബർ വെട്ടികൊണ്ടുവരുന്ന പണവും പലപ്പോഴും തികഞ്ഞിരുന്നില്ല.' ഫാ. ബിജു പി. തോമസ്, *കാതോലിക്കേറ്റിന്റെ കാവൽഭടൻ* (തിരുവല്ല: ഗ്ലോറിയ മീഡിയ, 2021), പേജ് 25).

മനുഷ്യന്റെ ദാരിദ്രവും യാതനകളും പരിശുദ്ധ ബാവയ്ക്ക് അന്വേഷിച്ചു കണ്ടെത്തിയ അറിവല്ല; സ്വാനുഭവമാണ്. തിരുമേനിയുടെ ഫിലാന്ത്രോപിക് പ്രവർത്തനങ്ങൾ വെറുതെ സംഭവിക്കുന്നതല്ല. അനുഭവത്തിന്റെ തീച്ചൂളയിൽ നിന്നും മുളച്ചുപൊന്തി പടർന്നു പന്തലിക്കുന്ന ഒരാത്മീയതയാണ്. ഞാനുമായി നാലു വർഷം മുമ്പ് നടത്തിയ അഭിമുഖത്തിൽ പരിശുദ്ധ ബാവാ തുടർന്ന് പറഞ്ഞതിങ്ങനെയാണ്; 'കഠിനാദ്ധ്വനിയായ പിതാവിന് പ്രാർഥനാ ജീവിതം ആത്മനിഷ്ഠമായിരുന്നു. വെളുപ്പിനെ അഞ്ചു മണിക്ക് ഞങ്ങൾ എണീക്കുന്നതിനും മുമ്പുതന്നെ അപ്പനും അമ്മയും പാട്ടുകൾ പാടുവാനും നമസ്കാരക്രമത്തിലെ പ്രാർത്ഥനകൾ ചൊല്ലുവാനും, പാമ്പാക്കുട നമസ്കാരത്തിലെ രഹസ്യ പ്രാർത്ഥനകളും മെമ്രാകളും ഉരുവിടുവാനും തുടങ്ങും. ഞങ്ങൾ എഴുന്നേൽക്കാൻ മടി കാണിച്ചാൽ ശിക്ഷിക്കുവാൻ അവർ മടി കാണിച്ചിരുന്നില്ല' (ഫാ. ബിജു പി. തോമസ്, *കാതോലിക്കേറ്റിന്റെ കാവൽഭടൻ*, പേജ് 25). ഇങ്ങനെയാണ് ജീവകാരുണ്യത്തിന്റെ ഒരു ആത്മീയത പരിശുദ്ധ പിതാവിൽ വളരുന്നത്.

'പ്ര' യിൽ സമാരംഭിക്കുന്ന ജീവകാരുണ്യം

1991-ൽ മാത്യൂസ് മാർ സേവേറിയോസ് എന്ന പേരിൽ അഭിഷിക്തനായിയെങ്കിലും 1993-ലാണ് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി ചുമതലയേൽക്കുന്നത്. 1994-ലാണ് തിരുമേനി കണ്ടനാട് ഭദ്രാസനത്തിൽ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. അഗതികൾക്കും അശരണർക്കും തുണയാകുവാൻ പതിനേഴ് സ്ഥാപനങ്ങളാണിപ്പോൾ പ്രവർത്തിക്കുന്നത്. പ്രസ്ഥാനങ്ങൾക്കെല്ലാം പ്രാർത്ഥനയിലെ ഉപസർഗ്ഗമായ 'പ്ര' ചേർത്ത് പേരുകൾ നൽകി അതിനൊരു 'ബാവാ ടച്ച്' നൽകി. പ്രതീക്ഷ, പ്രതിഭ, പ്രഭാതം, പ്രദാനം, പ്രമോദം, പ്രസന്നം, പ്രശാന്തം, പ്രബോധനം, പ്രപാലനം, പ്രാപ്തി, പ്രയോജനം, പ്രീതി, പ്രവാഹം, പ്രകാശം... ഇങ്ങനെ പോകുന്നു 'പ്ര' നിര.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സുതാര്യതയില്ലായ്മ കാരണം അനേകം ജീവകാരുണ്യ ബിംബങ്ങൾ വീണുടയുന്നത് നിത്യസംഭവങ്ങളാകുന്നു. സാമ്പത്തിക കാര്യങ്ങളിലെ സുതാര്യത 'പ്ര' പ്രസ്ഥാനങ്ങളെ അദ്വിതീയമാക്കുന്നു. വ്യക്തിപരമായി ലഭിക്കുന്ന കൈമുത്തുകൾക്ക് രസീതുകൾ നൽകുകയും, പ്രസ്ഥാനങ്ങൾക്ക് സംഭാവനകൾ നൽകുന്നവരെ വർഷത്തിൽ കുറഞ്ഞത് മൂന്നു തവണയെങ്കിലും ബന്ധപ്പെടുകയും, പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്യും. അവർക്ക് വാർഷിക റിപ്പോർട്ടുകളും, ഓഡിറ്റ് ചെയ്ത കണക്കുകളും അയച്ചുകൊടുക്കുകയും, അവരുടെ ജന്മദിനത്തിനും വിവാഹ വാർഷികങ്ങൾക്കും മറ്റും വിളിച്ച് ആശംസകൾ അറിയിക്കുകയും ചെയ്യുന്നു എന്ന അറിവ് കാർക്കശ്യക്കാരനായ ബാവയുടെ വ്യത്യസ്തമായ മുഖം ലോകത്തിന് അനാവരണം ചെയ്യുന്നതാണ്. ആധുനിക കണ്ടനാടിന്റെ ശിൽപിയെന്ന ഖ്യാതി പരിശുദ്ധ പിതാവ് കർമ്മം കൊണ്ട് സ്വന്തമാക്കി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

‘സഹോദരൻ’ പദ്ധതി

പരിശുദ്ധ ബാവാ തിരുമേനി സഹോദരൻ പദ്ധതിയുമായി ബന്ധപ്പെട്ട ഒരു മീറ്റിംഗിൽ പറഞ്ഞ രണ്ടു സംഭവങ്ങൾ പറഞ്ഞുകൊണ്ട് ഈ പദ്ധതിയെ സംബന്ധിച്ച് കുറിക്കാം. പതിമൂന്ന് വയസ്സുകാരിയായ ഒരു മകളുടെ പിതാവ് ദേവലോകത്തെത്തി കണ്ടു. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി നിരാശയുടെ പടുകുഴിയിൽ വീണ അയാൾ പറഞ്ഞു: മകളുടെ കിഡ്നിയുടെ പ്രർത്തനങ്ങൾ നിലച്ചിരിക്കുന്നു. വസ്തുവും വീടും വിറ്റ് ചികിത്സ നടത്തി. കിഡ്നി മാറ്റി വച്ചു, എന്നാൽ ശസ്ത്രക്രിയ പരാജയപ്പെട്ടു. ഉടൻ വീണ്ടും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തണം. പണം ഇല്ല. ശസ്ത്രക്രിയയ്ക്ക് ആവശ്യമായ പണം സഹോദരൻ പദ്ധതിയിൽ നിന്നും നൽകി. ആ കുട്ടി സുഖമായിരിക്കുന്നു.

മറ്റൊരു സംഭവം പ. ബാവാ ഓർത്തുപറഞ്ഞതിങ്ങനെയാണ്: വാടകക്കുടിശ്ശിക വരുത്തിയതിനാൽ ഇറക്കിവിടപ്പെട്ട ദമ്പതികൾ കൈക്കുഞ്ഞുങ്ങളുമായി ദേവലോകം അരമനയിൽ എത്തി. ആത്മഹത്യ മാത്രമാണവർക്ക് മുൻപിലുള്ള മാർഗ്ഗം. തലേരാത്രി റെയിൽവേ സ്റ്റേഷനിൽ ആയിരിന്നു അവരുടെ അന്തിയുറക്കം. അവർക്ക് സഹോദരനിൽ നിന്നും ഒരു വീട് ക്രമീകരിച്ചു, ആവശ്യമായ വീട്ടുസാധനങ്ങളും നൽകി. അവരെ സമാധാനത്തോടെ ജീവിക്കാൻ ആവശ്യമായത് ചെയ്തു.

ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം 2022 ഫെബ്രുവരിയിൽ മലങ്കരയുടെ ഒമ്പതാം കാതോലിക്ക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ആരംഭിച്ച ജീവകാരുണ്യ പ്രസ്ഥാനമാണ് ‘സഹോദരൻ’. സമൂഹത്തിൽ ജാതി-മത ഭേദമെന്യേ, നിർദ്ധനരും നിരാലംബരുമായ ആളുകൾക്ക്, ആയിരക്കണക്കിന് സാധുക്കൾക്ക് ശക്തി പകരുവാൻ സഹോദരൻ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

പ. ബാവാ തിരുമേനിയുടെ ജീവകാരുണ്യവേലകകൾ കർത്താവായ യേശു ക്രിസ്തു ലോകത്തിനു നൽകിയ സുവിശേഷത്തിലും ക്രൈസ്തവ വേദശാസ്ത്രത്തിലും അടിസ്ഥാനമാക്കിയാണ്. ‘ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയയ്പ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു‘ എന്ന് നസ്രേത്ത് മാനിഫെസ്റ്റോയിൽ സൂചന നൽകുന്നത് ദൈവപരിപാലനയുടെ കരുതലാണ്. മലങ്കര സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഒരു വഴിത്തിരിവായിരുന്നു സഹോദരൻ പദ്ധതി. കേരളം ഇതുവരെ ഒരു സാമുദായിക നേതാക്കളിൽ നിന്നും കാണാത്ത ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വൻകിട പദ്ധതികളാണ് സഹോദരൻ പദ്ധതിയിലൂടെ കേരളം ദർശിക്കുന്നത്. മനുഷ്യരുടെ കരളലിയിക്കുന്ന വേദനയുടെ നേർചിത്രങ്ങൾ പിതാവിന്റെ മിക്ക പ്രസംഗങ്ങളിലും വരച്ചുകാട്ടുന്നു. സഹോദരൻ പദ്ധതിയുടെ പിന്നിലെ ധാർമ്മികത വിശദീകരിക്കുന്നതിങ്ങനെയാണ്: ‘ദൈവത്തിന്റെ ദാനമായ ആരോഗ്യത്തിൽ ജീവിക്കുന്നവർ ആരോഗ്യമില്ലാത്തവരെ സംബന്ധിച്ച് കൂടുതൽ കരുതൽ ഉള്ളവരായിരിക്കണം.’

കഴിഞ്ഞ നാലു വർഷങ്ങൾകൊണ്ട് സഹോദരൻ പദ്ധതി കേരളത്തിലെ ഏറ്റവും ബൃഹത്തായ ജീവകാരുണ്യ പ്രസ്ഥാനമായി വളർന്നിരിക്കുന്നു. 19,68,72,560 രൂപ വരവും 19,59,94,276 രൂപ ചിലവും വരുന്ന, ഏതാണ്ട് 200 മില്യൺ രൂപയുടെ പ്രവർത്തനം സഹോദരൻ മാത്രം നടത്തി എന്നത് മലങ്കര സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വലുപ്പം നമുക്ക് മനസ്സിലാകും. പ്രധാനമായും നാലു മേഖലകളിലായാണ് സഹോദരൻ പദ്ധതി സഹായം എത്തിക്കുന്നത്. ഒന്ന്, വിവാഹ സഹായം (ഞൈ 24255000); രണ്ട്, വിദ്യാഭ്യാസ സഹായം (Rs 41790293); മൂന്നു, മെഡിക്കൽ ചികിത്സാ സഹായം (Rs 62443235); നാല്, ഭവനനിർമ്മാണം (Rs 57389167); ആകെ ഏകദേശം 200 മില്യൺ രൂപയുടെ ധനസഹായം.

സഹോദരൻ പദ്ധതിയുടെ ചില സവിശേഷതകൾ കൂടി രേഖപ്പെടുത്തട്ടെ. വളരെ സുസംഘിടിതമായ നേതൃത്വമാണ്. ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ സമൂഹത്തിൽ വിവിധ നിലകളിൽ കഴിവുകൾ തെളിയിച്ചിട്ടുള്ള അൻപതംഗ ബോർഡാണ് വർഷത്തിൽ പല തവണ സമ്മേളിച്ചു തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ദേവലോകം അരമനയിൽ പൂർണ്ണസമയം പ്രവർത്തിക്കുന്ന ഓഫീസാണ് ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നത്. സുതാര്യതയും വ്യക്തമായ കണക്കുകളും സഹോദരന്റെ സ്വീകാര്യത ഉറപ്പിക്കുന്നു. സ്വീകർ



ത്താക്കളുടെ മാന്യതയ്ക്കും അന്തസ്സിനും കോട്ടം വരുന്ന ഒരു പ്രദർശനപരതയും സഹോദരനിൽ നിന്നും ഉണ്ടാകാതാരിക്കുവാൻ ശ്രദ്ധിക്കുന്നത് പൂർണ്ണമായും ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെ സമകാലിക ലോകത്തിന് കാട്ടി നൽകുന്നവിധത്തിലാണ്.

പ്രകൃതിദുരന്ത പുനരധിവാസ പദ്ധതികൾ

പ്രധാനമായും രണ്ട് പ്രകൃതി ദുരന്ത പുനരധിവാസ പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലു വർഷമായി മലങ്കര സഭ നടത്തിയിട്ടുള്ളത്. ആദ്യത്തേത്, കോട്ടയം കൂട്ടിക്കൽ പ്രദേശത്തുണ്ടായ മഴക്കെടുതിയും ഉരുൾപൊട്ടലുമാണ്. കൂട്ടിക്കൽ ദുരന്തം എന്നത് 2021 ഒക്ടോബറിൽ കേരളത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം എന്നിവിടങ്ങളിൽ ഉണ്ടായ വലിയ മണ്ണിടിച്ചിലും വെള്ളപ്പൊക്കവുമാണ്; ഇതിനെത്തുടർന്ന് നാശനഷ്ടങ്ങളും ആളപായവും സംഭവിച്ചു. കവലയിൽ സംഭവിച്ച മണ്ണിടിച്ചിൽ കാരണം 98 കടകളും 42 റോഡുകളും തകർന്നു, 79 വീടുകളിൽ ശുദ്ധജലം നഷ്ടപ്പെട്ടു. വിവരം അറിഞ്ഞ് പരിശുദ്ധ ബാവാ തിരുമേനിയും സംഘവും ദുരന്തപ്രദേശങ്ങൾ സന്ദർശിച്ചു. ഭവനങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകുകയും ആവശ്യമായ വീട്ടുപകരണങ്ങൾ നൽകി അവരെ പുനഃരധിവസിപ്പിച്ചു.

വയനാട് പ്രകൃതി ദുരന്തം ലോകമനസാക്ഷിയെ ആഴത്തിൽ വേദനിപ്പിച്ചു. കേരളത്തിലെ വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിൽ 2024 ജൂലൈ 30-ന് മുണ്ടക്കൈ, ചൂരൽമല, അട്ടമല, പുഞ്ചിരിമറ്റം, എന്നിടങ്ങളിൽ പുലർച്ചയുണ്ടായ ഒന്നിലധികം ഉരുൾപൊട്ടലുകളാണ് വയനാട് ഉരുൾപൊട്ടൽ. ഈ ദുരന്തത്തിൽ 403 പേരുടെ മരണം സ്ഥിതീകരിച്ചു. കനത്ത മഴയിൽ കുന്നിൻചെരിവുകൾ ഇടിഞ്ഞുവീഴാൻ കാരണമായി. അതിന്റെ ഫലമായി ചെളിയും വെള്ളവും പാറക്കല്ലുകളും പ്രദേശത്തേക്ക് പതിച്ചു. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതിദുരന്തങ്ങളിൽ ഒന്നായി ഈ ഉരുൾപൊട്ടലിനെ കണക്കാക്കുന്നു. കുറഞ്ഞത് 417 മരണങ്ങളും 273-ലധികം പേർക്ക് പരിക്കുകളും, 150-ലധികം പേരെ കാണാതാവുകയും ചെയ്തു. മലങ്കരസഭയുടെ അധ്യക്ഷൻ വയനാട്ടിൽ ഓടിയെത്തി; ദുരന്തവ്യാപ്തി വിലയിരുത്തി. ഉടൻ തന്നെ സഭയുടെ മറ്റു നേതാക്കന്മാരുമായി ചർച്ച നടത്തി. വയനാട് ദുരന്തത്തിനു ശേഷം കേരളത്തിൽ ആദ്യമായി പുനരധിവാസ പദ്ധതി പരിശുദ്ധ ബാവാ തിരുമേനി പ്രഖ്യാപിച്ചു. മലങ്കരസഭ 50 വീടുകൾ അല്ലെങ്കിൽ 5 കോടി രൂപയുടെ പ്രോജക്ട് ആണ് പ്രഖ്യാപിച്ചത്. അറുന്നൂറു മുതൽ എഴുന്നൂറ് വരെ സ്ക്വയർ ഫീറ്റ് വലുപ്പത്തിലുള്ള വീടുകളാണ് രൂപകല്പന ചെയ്തിട്ടുള്ളത്. പണം ഏകദേശം സമാഹരിച്ചിട്ടുണ്ടെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും സ്ഥലം അനുവദിക്കുന്നതും മറ്റുമായുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതെ വന്നതിനാൽ സഭ സ്ഥലം വാങ്ങി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച് ജോൺ അലോഷ്യസിൽ നിന്നും ഭൂമി വാങ്ങുന്നതിനു കരാർ ഒപ്പു വെച്ചു.

'ചാരെ' വയോജന ശ്രദ്ധാപദ്ധതി

പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രത്യേക താൽപര്യമനുസരിച്ചു സഭയുടെ അഖില മലങ്കര പ്രാർത്ഥനായോഗം എന്ന ആത്മീയസംഘടയുടെ നേതൃത്വത്തിൽ 2025-ൽ സമാരംഭിച്ച വയോജന പദ്ധതിയാണ് 'ചാരെ'. പ്രാർത്ഥനായോഗം മുൻകാല പ്രവർത്തകരെ ഭവനങ്ങളിൽ പോയി സന്ദർശിച്ചു ആശ്വാസം പകർന്നിരുന്ന 'സാമീപ്യം' എന്ന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ അറിഞ്ഞ ബാവാ തിരുമേനിയുടെ നിർദ്ദേശം അനുസരിച്ച് സഭാ അസോസിയേഷൻ സെക്രട്ടറി മാനേജിംഗ് കമ്മിറ്റിയിൽ ബഡ്ജറ്റ് അവതരണ വേളയിൽ 'ചാരെ' എന്ന പ്രാർത്ഥനായോഗ പ്രവർത്തനം പ്രഖ്യാപിച്ചു. തുടർന്നു പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും ചെയ്തു. സഭയിൽ ഒറ്റപ്പെട്ട് വാർദ്ധക്യത്തിൽ കഴിയുന്നവരെ മാസത്തിൽ രണ്ടു തവണയെങ്കിലും അവരെ ദേവാലയത്തിൽ കൊണ്ടുവരിക, വിശുദ്ധ കുർബ്ബാന അനുഭവത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുക, ആത്മീയ ശുശ്രൂഷകളിൽ പങ്കാളിത്തം ഉറപ്പാക്കുക, പ്രചോദനാത്മക ക്ലാസ്സുകൾ സംഘടിപ്പിച്ചു അവരെ ഊർജ്ജസ്വലരാക്കുക, മാനസികോല്ലാസ പരിപാടികൾ സംഘടിപ്പിക്കുക, പുസ്തകങ്ങൾ വിതരണം ചെയ്യുക, ആരോഗ്യ പരിപാലനം ഉറപ്പാക്കുക, പാലിയേറ്റീവ് സൗകര്യങ്ങൾ നൽകുക, ചികിത്സ ആവശ്യമാകുമ്പോൾ കൂട്ടിരിപ്പ് സഹായം നൽകുക, ഉല്ലാസയാത്രകൾ സംഘടിപ്പിക്കുക, നേർച്ചകൾ അവർക്കെത്തിക്കുക മുതലായ സമഗ്രമായ ഒരു വാർധക്യ പരിപാലന പദ്ധതിയാണ് 'ചാരെ.'

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫോറം (SDOF)

നാൽപ്പതു വയസ്സ് തികയുന്നതോടെ ഭരണഘടനാപരമായി ഒരു സഭാംഗത്തിന്റെ അംഗത്വം യുവജനപ്രസ്ഥാനത്തിൽ അവസാനിക്കുകയാണ്. അത്തരം സാഹചര്യത്തിലാണ് സഭയിലെ നാൽപതിനും അറുപതിനുമിടയിൽ പ്രായമുള്ള അംഗങ്ങൾക്കായി 2024 ജൂലൈയിൽ കൂടിയ സുന്നഹദോസിൽ പുതിയ ഭരണഘടനയോടു കൂടി 'SDOF' പ്രവർത്തനസജ്ജമാകുന്നത്. വിശ്വാസം, സാക്ഷ്യം, പ്രബോധനം എന്നീ ലക്ഷ്യം വച്ചാണ് SDOFന്റെ പ്രവർത്തനങ്ങൾ. നാൽപ്പതു വയസ്സിനും അറുപത് വയസ്സിനും ഇടയിൽ പ്രായമുള്ള സഭാംഗങ്ങളായ സ്ത്രീ-പുരുഷന്മാർക്ക് SDOF ൽ അംഗങ്ങളാകാം. കോട്ടയം ദേവലോകം അരമനയാണു കേന്ദ്ര ഓഫീസ്. എല്ലാ ഭദ്രാസനങ്ങളിലും പ്രവർത്തനം വ്യാപിപ്പിക്കുന്ന പരിശ്രമത്തിലാണ്.

സെന്റ് ജോസഫ് ഓർത്തഡോക്സ് ഫോറം (SJOF)

2025 ഫെബ്രുവരിയിൽ സമ്മേളിച്ച പരിശുദ്ധ സുന്നഹദോസിൽ അറുപത്തൊന്നു വയസ്സ് മുതൽ പ്രായമുള്ളവർക്കായി ഒരു സംഘടന രൂപീകരിക്കാൻ തീരുമാനം കൈക്കൊള്ളുകയും, നിയമാവലിക്ക് അംഗീകാരം നൽകുകയും, 2025 ഏപ്രിൽ മുതൽ നിലവിൽ വന്നതായി No. 65/2025 കൽപന പുറപ്പെടുവിക്കുകയും, പ്രഥമ പ്രസിഡന്റായി ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ നിയമിക്കുകയും ചെയ്തു. സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും ഇടവകകളിലും SJOF ന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.

മത - സഭൈക്യപ്രവർത്തനങ്ങൾ

കാതോലിക്കാഭിഷേകത്തിനു ശേഷം കേരളത്തിലെ വിവിധ മത നേതാക്കന്മാരെയും, വിവിധ സഭാ നേതാക്കന്മാരെയും ഒരു കുടക്കീഴിലെത്തിക്കുവാൻ സ്നേഹത്തിന്റെ ആത്മാവിൽ പരിശുദ്ധ ബാവാ തിരുമേനി നിർവ്വഹിക്കുന്ന പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കേരളത്തിലും, ഭാരതത്തിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വിവിധ രാജ്യങ്ങളിലും മത-രാഷ്ട്രീയ-സാംസ്കാരിക-സഭാ നേതാക്കന്മാരേയും സന്ദർശിച്ചു മാനവികതയുടെ നിലനിൽപ്പിനും ഐക്യത്തിനുമായുള്ള ചർച്ചകൾ നടത്തുകയും, ആശയ വിനിമയങ്ങൾ നടത്തുകയും ചെയ്തുവെന്നത് സഭയ്ക്ക് അഭിമാനകരമാണ്. റഷ്യൻ ഓർത്തഡോക്സ് സഭ, കത്തോലിക്കാ സഭാ, ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ, ബൈസന്റൈൻ ഓർത്തഡോക്സ് സഭകൾ മുതലായവയുടെ ആസ്ഥാനങ്ങളിൽ ഡെലിഗേഷനുമായി ആശയ വിനിമയങ്ങൾ നടത്തി. വിശേഷാൽ, ആഗോള കത്തോലിക്കാ സഭാദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ പോപ്പ് ഫ്രാൻസിസ്, റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ കിറിൽ പാത്രിയർക്കീസ് മുതലായ സഭാനേതാക്കന്മാരെ അവരുടെ ആസ്ഥാനങ്ങളിൽ സന്ദർശിച്ച് സഭകൾ പരസ്പരമുള്ള സ്നേഹാദരവുകളിലൂടെ ക്രൈസ്തവ സാക്ഷ്യം സമകാലീന ലോകത്തിൽ നിർവ്വഹിക്കേണ്ട ആവശ്യകത പങ്കുവച്ചു. കേരളത്തിൽ NSS, ശിവഗിരി മഠം, വിവിധ ക്രൈസ്തവ സഭകളുടെ ആസ്ഥാനങ്ങളിൽ സന്ദർശനങ്ങൾ നടത്തി മത-സഭാ ഐക്യത്തിന്റെ പ്രാധാന്യം ചർച്ച ചെയ്തു.



ദേവലോകം അരമനയിൽ സംഘടിപ്പിച്ച 'സ്നേഹസംഗമ'ത്തിൽ പരിശുദ്ധ പിതാവ് തന്റെ ആശയം അവരുമായി പങ്കുവച്ചു. കേരളത്തിലെ എല്ലാ സഭകളിലെയും അധ്യക്ഷന്മാർ സന്നിഹിതരായിരുന്നു. ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദയും, പാണക്കാട് റഷീദലി ശിഹാബ് തങ്ങളും നേതൃനിരയിൽ ഉണ്ടായിരുന്നു. സ്നേഹ സംഗമത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു: 'നമ്മുടെ നാട് നന്മകളുടെ ഈറ്റില്ലവും മൂല്യങ്ങളുടെ പ്രഭവസ്ഥാനവുമായിരുന്നു. ഭാരതനാടിന്റെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ പൈതൃകത്തിന്റെ പിന്തുടർച്ചക്കാരാണ് നാം ഓരോരുത്തരും. എന്നാൽ ഇന്നു രാഷ്ട്രീയ അതിപ്രസരം മതഭിന്നതകൾക്ക് വളംവയ്ക്കുന്നു. ഭാരതമണ്ണിൽനിന്നും സഹിഷ്ണുതയുടെ മഹത്തായ പാരമ്പര്യം അന്യംനിന്നുപോകുമോ എന്ന് നാം വ്യാകുലപ്പെടുന്നു. ഭൂരിപക്ഷ, ന്യൂനപക്ഷ ചിന്തകൾക്കുപരിയായി ധർമ്മത്തിന്റെ നിലനിൽപ്പിനു വേണ്ടി നമുക്ക് കൈകോർക്കാം'.

വിഷൻ 2052

പരിശുദ്ധ ബാവാ തിരുമേനി സഭയുടെ ഭരണച്ചുമതല ഏറ്റെടുത്തതിന് ശേഷം കൂടിയ സഭാ മാനേജിംഗ് കമ്മിറ്റിയിൽ സഭാ സ്ഥാപകൻ വി. മാർ തോമ്മാ ശ്ലീഹായുടെ ഭാരതസുവിശേഷപ്രേഷിതത്തിന്റെ രണ്ടായിരം വർഷാഘോഷത്തിന്റെ അവസരമായ AD 2052-ന് മുൻപായി മലങ്കര സഭയിൽ ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഒരു പന്ത്രണ്ടിന പദ്ധതി അവതരിപ്പിക്കുകയുണ്ടായി. മലങ്കര സഭയ്ക്ക് വരും ദശാബ്ദങ്ങളിൽ വ്യക്തമായ ദിശാബോധം നൽകുന്ന ഒരു വെളിച്ചമാളികയാണ് 'വിഷൻ 2052'. നേതാക്കൾ ദർശനം പകരുന്നവർ ആകണം, അപ്പോൾ ജനം ശരിയായ പാതയിൽ നടക്കും. ജനത്തിനു മുൻപിൽ നടന്ന മോശ നൽകിയ പ്രകാശമാണ് രാത്രിയിൽ ജ്വലിച്ചിരുന്ന അഗ്നിസ്തംഭം എന്നത് ആർക്കു മനസ്സിലായിട്ടുണ്ടാകും! അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാംസ്കാരിക മതജീവിത സാഹചര്യങ്ങളെ ഗൗരവമായി ഉൾക്കൊള്ളുവാൻ ശ്രദ്ധാപൂർവ്വം സഭാജീവിതത്തെ ക്രമീകരിക്കേണ്ടിയിരിക്കുന്നുവെന്ന് വിഷൻ 2052-ന്റെ ആമുഖത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് സഭയെ നാം വരുംനാളുകളിൽ എങ്ങനെ രൂപപ്പെടുത്തണം എന്നതിന്റെ സൂചനയായി കാണണം.

വിഷൻ സ്റ്റേറ്റ്മെന്റിൽ പ്രധാനമായും പ്രതിപാദിക്കുന്നത് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക ക്രമത്തിൽ കുടുംബജീവിതങ്ങളിൽ വന്നു ഭവിക്കാവുന്ന അപകടസാധ്യതകളും അവയ്ക്ക് സഭയായി കണ്ടെത്തേണ്ട പരിഹാര മാർഗങ്ങളും ആണ്. വർദ്ധിച്ചു വരുന്ന വൃദ്ധജനങ്ങളുടെ എണ്ണവും, അവരുടെ ഏകാന്തതയും രോഗങ്ങളും സഭയുടെ മുൻപിലെ വലിയ വെല്ലുവിളിയായും അവയ്ക്ക് പരിഹാരം കാണേണ്ടത് സഭയുടെ ഉത്തരവാദിത്വമായി കാണുന്നു.

പന്ത്രണ്ട് ഇനങ്ങളാണ് വിഷൻ 2052-ൽ മുൻപോട്ട് വച്ചിട്ടുള്ളത്:

1. സഭയുടെ കാഴ്ചപ്പാടും നിലപാടുകളും സഭാ ജനങ്ങളെയും പൊതു സമൂഹത്തെയും വ്യക്തമായും സുതാര്യമായും അറിയിക്കുക.

2. അന്തർദ്ദേശീയതലത്തിലും ദേശീയതലത്തിലും സഭയേ സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുക.

3. കൗദാശികവും ആരാധനപരവുമായ ജീവിതത്തിന്റെ പ്രാധാന്യം സഭാ വിശ്വാസികളിൽ ശക്തമാക്കുക.

4. ഭദ്രാസനതലത്തിൽ സഭാപ്രവർത്തനങ്ങൾ കൂടുതൽ ശക്തീകരിക്കുക.

5. വൈദിക സെമിനാരി പഠന പദ്ധതി കൂടുതൽ കാലികപ്രസക്തമാക്കുക.

6. സഭയിലെ യുവതയെ സഭാജീവിതത്തിൽ കൂടുതൽ പങ്കാളിത്തം നൽകി സജീവമാക്കുക.

7. മലങ്കര സഭയിലെ വനിതകൾക്ക് കൂടുതൽ പങ്കാളിത്തം സഭയുടെ വിവിധ കർമ്മമണ്ഡലങ്ങളിൽ ഉറപ്പാക്കുക.

8. സമൂഹത്തിൽ സംഭവിക്കുന്ന സാംസ്കാരികവും ധാർമ്മികമായ വിഷയങ്ങളിൽ കൂടുതൽ ക്രിയാത്മകവും സൃഷ്ടിപരവുമായ സഭയുടെ ഇടപെടൽ ഉണ്ടാകുവാൻ ക്രമീകരണം ഉണ്ടാകുക.

9. സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുകയും, ഇൻസ്റ്റിറ്റ്യൂഷണൽ ഓഡിറ്റിങ്ങിനും വിധേയമാക്കുക.

10. സഭയുടെ ഓഫീസുകളുടെ ആധുനികവൽകരണം വേഗതയിലാകുക.

11. സഭാപ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക, സഭാംഗങ്ങളുടെ വിവരശേഖരണം നടത്തുക, സഭാ വസ്തുവകകളുടെ വിവരശേഖരണം നടത്തുക, സഭയിലെ പ്രവാസികളുടെ വിവരശേഖരണം നടത്തുക മുതലായ കാര്യങ്ങളിൽ മുൻഗണന നൽകുക.

12. തുടർ നടപടികൾക്ക് വ്യവസ്ഥാപിത ക്രമീകരണം ഉറപ്പാക്കുക. പലപ്പോഴും തീരുമാനങ്ങൾ അവതരിപ്പിക്കപ്പെട്ട അവസ്ഥയിൽ നിന്നും പ്രായോഗികമാക്കുന്നതിൽ പരാജയപ്പെട്ടു പോകുന്നു. തത്വത്തിൽ അംഗീകാരം ലഭിച്ച ഈ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഔദ്യോഗിക സമിതികൾ കൈക്കൊണ്ടു പ്രായോഗികമാക്കും എന്ന് നമ്മുക്ക് പ്രത്യാശിക്കാം.

പബ്ലിക് റിലേഷൻസ് സെന്ററുകൾ

കോട്ടയം കേന്ദ്രീകരിച്ച് ഔദ്യോഗികമായി ഭരണനിർവഹണം നടത്തുന്ന സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാകുവാൻ വിവിധ മേഖലകളിൽ കേന്ദ്രങ്ങൾ ഉണ്ടാകണം എന്ന ആവശ്യം 1980-കൾ മുതൽ സഭാന്തരീക്ഷത്തിൽ മുഴങ്ങുന്നുണ്ട്. പല കാരണങ്ങളാൽ അവ പ്രായോഗികമായില്ല. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ സ്ഥാനാരോഹിതനായ ശേഷം തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ പട്ടണങ്ങളിൽ സഭയ്ക്ക് കേന്ദ്രങ്ങൾ ഉണ്ടാകുന്നത് സഭാ പ്രവർത്തനങ്ങൾ കൂടുതൽ വികേന്ദ്രീകരിക്കുവാനും, സഭയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുവാനും സൗകര്യപ്രദമാകും എന്ന ആശയത്തിന് ശാക്തീകരണം നൽകി. ചെറുതും വലുതുമായ സഭാ സേവനങ്ങൾക്കായി വൈദീകരും ജനങ്ങളും കൂടുതൽ യാത്ര ചെയ്യുന്നതും, കാലതാമസം നേരിടുന്നതൊഴിവാക്കുന്നതിനും സാധിക്കും എന്നതും തിരുമേനിയുടെ കാഴ്ചപ്പാടാണ്. രണ്ടു പബ്ലിക് റിലേഷൻസ് ഓഫീസുകൾ 2025-ൽ തിരുവനന്തപുരത്തും കൊച്ചിയിലും പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം കേന്ദ്രം ചില നിയമപ്രശ്നങ്ങളാൽ പ്രവർത്തനം അതിന്റെ പൂർണ്ണതയിൽ എത്തിയിട്ടില്ല. എറണാകുളം, പാലാരിവട്ടത്ത് അഞ്ച് മുറികളും മറ്റു സൗകര്യങ്ങളുമുള്ള ഒരു കെട്ടിടം വാടകയ്ക്ക് എടുത്ത് പൂർണ്ണസമയ പബ്ലിക് റിലേഷൻസ് ഓഫീസായി പ്രവർത്തിക്കുന്നു. ദൂരസ്ഥലങ്ങളിൽ നിന്നും കൊച്ചിയിൽ ചികിത്സ ഉൾപ്പടെയുള്ള കാര്യങ്ങൾക്കെത്തുന്ന സഭാ മക്കൾക്ക് താത്കാലിക വിശ്രമത്തിനുള്ള ഇടത്താവളമായും, വിശ്രമകേന്ദ്രമായും, ഗൈഡൻസ് സെന്ററായും ഇപ്പോൾ കൊച്ചി പി.ആർ.ഒ ഓഫീസ് പ്രവർത്തിക്കുന്നു.

ക്യാമ്പ് സൈറ്റ്

വളരെ സജീവമായി പ്രവർത്തിക്കുന്ന സഭയിലെ ആത്മീയ സംഘടനകളുടെ വാർഷിക ക്യാമ്പുകൾക്കും സമ്മേളനങ്ങൾക്കും അനുയോജ്യമായ ഒരു സ്ഥലമില്ലാത്തതിനാൽ ബുദ്ധിമുട്ടുകളനവധിയാണ്. ആയിരത്തിൽപരം പ്രതിനിധികൾ പങ്കെടുക്കുന്ന മൂന്നും നാലും ദിവസങ്ങൾ നീണ്ടു നിൽക്കുന്ന സമ്മേളനങ്ങൾക്ക് അനുയോജ്യമായ ഒരു ക്രമീകരണത്തിന്റെ ആവശ്യം പരിശുദ്ധ ബാവാ തിരുമേനി സ്ഥാനാരോഹിതനായ ശേഷം ദേവലോകത്ത് കൂടിയ ആത്മീയ സംഘടനാ ഭാരവാഹികളുടെ യോഗത്തിൽ ഉയർന്നുവന്നു. പ. ബാവായ്ക്ക് ക്യാമ്പ് സൈറ്റിന്റെ ആവശ്യകത ബോധ്യമായി. ഇപ്പോൾ മതിലകത്തുള്ള സഭ വക ഭൂമിയിൽ സർവ്വ സൗകര്യങ്ങളോടുംകൂടിയ പുതിയ ക്യാമ്പ് സൈറ്റിന്റെ നിർമ്മാണത്തിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

മാർത്തോമ്മൻ സ്മൃതി മന്ദിരങ്ങൾ

വി. മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശം ഏറ്റ കൊടുങ്ങല്ലൂരിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കൊരു കേന്ദ്രം ദശാബ്ദങ്ങളായി സഭാ മക്കളുടെ ഒരാഗ്രഹം ആണ്. കൊടുങ്ങല്ലൂരിൽ അഴിമുഖത്തിന് സമീപം സഭയുടെ മുൻ അത്മായ ട്രസ്റ്റി പരേതനായ എം. ജി. ജോർജ് മുത്തൂറ്റ് വാങ്ങി സഭയ്ക്ക് ദാനം ചെയ്ത വസ്തുവിൽ മാർത്തോമ്മാ സ്മൃതിമന്ദിര നിർമ്മാണത്തിനായി 2025 ഫെബ്രുവരി 6-ന് പരിശുദ്ധ ബാവാ തിരുമേനിയും സഭയിലെ മറ്റു പിതാക്കന്മാരുടെയും, സഭാസ്ഥാനികളുടെയും, മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും മഹനീയ സാന്നിദ്ധ്യത്തിൽ അടിസ്ഥാനശില വാഴ്ത്തി പ്രവർത്തനങ്ങൾ ആരംഭിച്ചു. തിരുവിതാംകോട് മാർത്തോമൻ കേന്ദ്രത്തിൽ കാലപ്പഴക്കംകൊണ്ട് ജീർണ്ണതയിലായിരുന്ന ദേവാലയകെട്ടിടത്തിന്റെയും സ്മൃതിമന്ദിരത്തിന്റെയും പുനഃനിർമ്മാണം പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

സഭാ സ്വത്തുക്കൾ കണ്ടെത്തി ഏകീകരിക്കുക

മലങ്കര സഭയ്ക്ക് കാലാകാലങ്ങളായി ലഭിച്ചിട്ടുള്ളവയും വാങ്ങിയിട്ടുള്ളവയുമായ സ്വത്തുക്കൾ പലതും എവിടെയെന്നും, ആരുടെ നിയന്ത്രണത്തിലാണെന്നും അറിയാതിരുന്നത് കണ്ടെത്തുന്നതിനും സ്വത്തുക്കളുടെ നയാമിക ഏകീകരണ പ്രക്രിയകൾ ആരംഭിച്ചു. സഭാസ്ഥാനികൾ ഉൾപ്പെടെയുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ സ്വത്തുക്കൾ പരിശുദ്ധ ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും രേഖകൾ പരിശോധിക്കുകയും നിയമപരമാക്കുന്നതുമായ പ്രക്രിയ പുരോഗമിക്കുന്നു.

ലഹരിവിരുദ്ധ പോരാട്ടങ്ങൾ

കേരളത്തിൽ കുട്ടികളിലും യുവാക്കളിലും വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം വലിയ സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിപുലമായ ലഹരി വിരുദ്ധ പോരാട്ടങ്ങളാണ് പരിശുദ്ധ ബാവാ തിരുമേനിയുടെ മേൽനോട്ടത്തിൽ നടക്കുന്നത്. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി 2025 ജൂൺ 14-നു DRUXIT Summit നടത്തുകയും, മത സാംസ്കാരിക രാഷ്ട്രീയ നേതാക്കന്മാരെ സംഘടിപ്പിച്ചു DRUXIT Conclave നടത്തുകയും ചെയ്തു. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ കന്യാകുമാരി വരെ ലഹരിവിരുദ്ധ യാത്രയും, കോർണർ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തു.

ഇങ്ങനെ ദൈവകൃപാനുഭവത്തിന്റെ കർമ്മനിരതമായ നാലു വർഷങ്ങളാണ് ഒമ്പതാം കാതോലിക്കയുടെ നേതൃത്വത്തിൽ മലങ്കര സഭ കടന്നു പോയത്. വിശുദ്ധ സഭയുടെ സാക്ഷ്യം വിളക്കുമാടം പോലെ സമൂഹത്തിൽ പ്രതീക്ഷയും പ്രത്യാശയും വെളിച്ചവും പകരുവാൻ ഇടയാകട്ടെ.


സ്നേഹത്തിന്റെ പരിഭാഷയായി ഒഴുകേണ്ട ഒരു നദിയാണ് ജീവിതം.

ഈ നദി ഒഴുകണം.
ഈ നദി ശാന്തമായി ഒഴുകണം.
ഈ നദി സുന്ദരമായി ഒഴുകണം.
ഈ നദി ഉള്ളംതൊട്ട് ഒഴുകണം.
ഈ നദി ഉള്ളുതൊട്ടുണർത്തി ഒഴുകണം.
ഈ നദി അനേകം ജീവിതങ്ങളെ തൊട്ടുണർത്തി ഒഴുകണം.
ഈ നദി എല്ലാറ്റിനും നന്ദി ചൊല്ലി ഒഴുകണം.
ഈ നദി എല്ലാറ്റിനോടും നന്ദി ചൊല്ലി ഒഴുകണം.
ഈ നദിയുടെ സംഗീതം ദൈവത്തിന്റെ ഹൃദയസംഗീതമാകണം.

◆

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 മെയ് 18 – 1957 ഓഗസ്റ്റ് 27

1956 മെയ് 18 വെള്ളി. കാലത്ത് നമസ്കാരം കഴിഞ്ഞ് അരമനയിൽ നിന്നും മാങ്ങാനം എബനേസർ ദയറായിൽ പോകുകയും അവിടെ വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. കുർബ്ബാന കഴിഞ്ഞ ഉടനെതന്നെ അരമനയിലേക്ക് തിരിച്ച് എഴുന്നള്ളി കാപ്പിമേശ കഴിഞ്ഞ് വിശ്രമിച്ചു. മെത്രാച്ചന്മാരുടെ കൗൺസിൽ കൂടുകയുണ്ടായി. പീലക്സിനോസ് മെത്രാച്ചൻ ഇവിടെത്തന്നെ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും കൂടി വന്നുചേർന്നു. ചില കാര്യങ്ങൾ കൂടി ആലോചിച്ചു. ഉച്ചനമസ്കാരം, ഭക്ഷണം ഇവകൾക്കു ശേഷം മെത്രാച്ചന്മാർ എല്ലാവരും അവരവരുടെ ആസ്ഥാനങ്ങളിലേക്ക് പോയി. മാനേജരച്ചൻ പള്ളി പണിയിപ്പിക്കുന്നതിനായി വന്നിരുന്നു. കെ. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു.

മെയ് 19 ശനി. ഇന്നും പള്ളിപണി ഉണ്ടായിരുന്നു. മൂലേടത്ത് അബ്രഹാം കത്തനാർ വന്നിരുന്നു. മാനേജർ കത്തനാർ എറണാകുളത്ത് പോയിരുന്നതിനാൽ ഇവിടെ വരികയുണ്ടായില്ല. രാത്രി 11 മണിക്ക് പീലക്സിനോസ് മെത്രാച്ചൻ കുർബ്ബാന ചൊല്ലുന്നതിനായി വന്നു താമസിച്ചു.

മെയ് 20 ഞായർ. ഏഴു മണിക്ക് പള്ളിയിൽ പോയി നമസ്കാരം ആരംഭിച്ചു. പീലക്സിനോസ് മെത്രാച്ചൻ കുർബ്ബാന ചൊല്ലി. കുർബ്ബാനയുടെ മദ്ധ്യത്തിൽ പെന്തിക്കോസ്തിയുടെ ശുശ്രൂഷകളും കഴിച്ചു. നാമും അതിൽ എല്ലാം സംബന്ധിച്ച് പ്രധാന കാർമ്മികത്വം നടത്തുകയുണ്ടായി. 11 മണിക്ക് കുർബ്ബാനയും ശുശ്രൂഷകളും തീർന്നശേഷം കൈമുത്തും നടത്തി മുറിയിൽ വന്നു കാപ്പിമേശ കഴിക്കുകയുണ്ടായി. പതിനൊന്നര മണിക്ക് മാളിയേക്കൽ കുട്ടിയപ്പന്റെ അനുജൻ മാണിയുടെ വിവാഹം നടത്തുന്നതിനായി പള്ളിയിലേക്കു പോയി. മെത്രാച്ചനും അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. പന്ത്രണ്ടര മണിക്ക് കല്യാണം കഴിഞ്ഞ് പീലക്സിനോസ് മെത്രാച്ചൻ ചെങ്ങന്നൂരിലേക്കു പോകുകയും ചെയ്തു. കല്യാണക്കാർ പോയശേഷം ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് വിശ്രമിച്ചു. മൂന്ന് മണിക്ക് സഖറിയാ ശെമ്മാശൻ വീട്ടിൽ പോയി. മഴക്കാലം ആരംഭിച്ചു.

21 തിങ്കൾ. പള്ളിപണിയുണ്ടായിരുന്നു. മാനേജർ കത്തനാർ വന്നിരുന്നു. മഴയും തണുപ്പും മറ്റുമായിരുന്നു. കുമരകത്ത് ഒരുവട്ടിത്തറയിലെ ഒരു കൊച്ചനു പട്ടം കൊടുക്കുന്നതിനു സംബന്ധിച്ച് പറകയും വെള്ളിയാഴ്ച അവിടെ വച്ച് കൊടുക്കാമെന്ന് നിശ്ചയിച്ച് അവർ പോകുകയും ചെയ്തു. ബ്രഹ്മവാർ പള്ളി നടത്തുന്ന തുമ്പമൺകാരൻ അച്ചൻ വന്നിരുന്നു.

22 ചൊവ്വ. ഇന്നു മഴയുണ്ടായിരുന്നതിനാൽ അഴിക്കകത്തെ പണി നടത്തുകയായിരുന്നു. എട്ടു മണിക്ക് ഡോ. മാത്യു വന്നു കുത്തിവച്ചു. മാനേജർ കത്തനാർ വന്നു രാത്രി ഇവിടെ താമസിക്കുകയും ചെയ്തു. അബ്രഹാം കത്തനാരും കൂടാതെ പത്തനാപുരത്ത് ദയറായിലെ മദ്രാസ് വികാരിയും തൃശ്ശിനാപള്ളിയിലെ കത്തനാരും കൂടി സന്ധ്യ കഴിഞ്ഞ് ഇവിടെ വരികയും വിശേഷങ്ങൾ പറഞ്ഞ് ഇവിടെ രാത്രി താമസിക്കുകയും ചെയ്തു.

23 ബുധൻ. കാലത്ത് കാപ്പി കഴിഞ്ഞ് അച്ചന്മാർ പോയി. മാനേജരച്ചൻ താമസിച്ച് പള്ളിപണികൾ നടത്തി. പണി കാണുന്നതിന് പള്ളിയിൽ പോയി വളരെ നേരം ഇരുന്നു. പല ആളുകളും കാണുന്നതിനായി വന്നിരുന്നു. തര്യൻ കത്തനാർ വന്നിരുന്നു. സന്ധ്യയോടു കൂടി മനോഹര വറുഗീസ് വരികയും ആയിരം രൂപാ പള്ളി പണിക്ക് സംഭാവന ചെയ്യുകയും ചെയ്തു.

24 വ്യാഴം. കാലത്ത് ഒമ്പതു മണിക്ക് ഇവിടെ നിന്നും കുറിച്ചി പള്ളിയിലേക്കു പോകുകയും കുറിച്ചിയിൽ പനയപ്പള്ളിൽ പാപ്പിയുടെ ശവസംസ്കാര കർമ്മം നടത്തുകയും 11 മണിക്ക് തിരിച്ചുപോരുകയും ചെയ്തു. അത്താനാസ്യോസ് മെത്രാച്ചനും അവിടെ ശവസംസ്കാരം നടത്തുന്നതിനായി വന്നിരുന്നു. അരമനയിൽ എത്തിയശേഷം ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് വിശ്രമിച്ചു. പള്ളിപണിയും മറ്റും കാണുന്നതിനായി പള്ളിയിൽ പോയി കുറെനേരം ഇരുന്നു. നാലു മണിക്ക് മനോഹര വറുഗീസിന്റെ വീടു കൂദാശ ചെയ്യുന്നതിനായി പോയി. അത്താനാസ്യോസ് മെത്രാച്ചനും മാനേജർ കത്തനാരും മറ്റും ഉണ്ടായിരുന്നു. വറുഗീസിന്റെ വീടുകൂദാശ നടത്തി കാപ്പിമേശയും കഴിഞ്ഞ് അഞ്ചര മണിക്ക് അരമനയിലേക്കു തിരിച്ചുപോരികയും ചെയ്തു. ഒരു ചുവന്ന കുപ്പായത്തിനു ശീല വറുഗീസ് നൽകുകയുണ്ടായി. കുമരകത്തു ഒരുവട്ടിത്തറ കുടുംബത്തിലെ അബ്രഹാം എന്ന കൊച്ചന് ശെമ്മാശപട്ടം കൊടുപ്പിക്കുന്നതിനായി അവർ വന്നിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഗുണദോഷങ്ങൾ പറഞ്ഞ് കുപ്പായവും വാഴ്ത്തി കൊടുക്കുകയുണ്ടായി.

25 വെള്ളി. കാലത്ത് ഏഴു മണിക്ക് അരമനയിൽ നിന്നും കുമരകം പള്ളിയിലേക്കു പോയി. സ്വർണ്ണ വെള്ളിയാഴ്ച പ്രമാണിച്ച് അവിടെ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ ഒരുവട്ടിത്തറ കുടുംബത്തിലെ അബ്രഹാമിന് കോറൂയോ പട്ടം കൊടുത്തു. അത്താനാസ്യോസ് മെത്രാച്ചനും അച്ചന്മാരും ഉണ്ടായിരുന്നു. കുർബ്ബാനയും പട്ടംകൊടയും കഴിഞ്ഞ് പള്ളിമുറിയിൽ വിശ്രമിച്ച് കാപ്പിമേശയും കഴിഞ്ഞ് 11 മണിക്ക് കോട്ടയത്തിന് തിരിക്കുകയും 12 മണിക്ക് അരമനയിൽ എത്തി വിശ്രമിക്കുകയും ചെയ്തു. ധാരാളം ആളുകൾ പട്ടം കൊടുക്കുന്നതു കാണുന്നതിനും മറ്റും പള്ളിയിൽ വന്നിരുന്നു. പട്ടംകൊട പ്രമാണിച്ച് എല്ലാവർക്കും കാപ്പി കൊടുക്കുകയും അവർ ചെയ്തു. ഇന്നും മഴയുണ്ടായിരുന്നു. പള്ളിപണി നടത്തിക്കുന്നതിനായി മാനേജർ അച്ചൻ വന്നിരു

ന്നു. അരമന ചാപ്പലിൽ അബ്രഹാം കത്തനാർ സ്വർണ്ണ വെള്ളിയാഴ്ച പ്രമാണിച്ച് കുർബ്ബാന ചൊല്ലി. സന്ധ്യയ്ക്കു പരുമല നിന്നും കാനറാക്കാരൻ മാത്യു ശെമ്മാശൻ വന്നിരുന്നു.

26 ശനി. വിശേഷങ്ങൾ ഒന്നുമില്ല. സുഖമായിരുന്നു. മാനേജർ കത്തനാർ വന്നിട്ടുണ്ടായിരുന്നു.

27 ഞായർ. കാലത്ത് ഏഴു മണിക്ക് പള്ളിയിൽ പോയി നമസ്കാരവും മറ്റും നടത്തി കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ ഒരു ചെറുപ്രസംഗം പറഞ്ഞു. 10 മണിക്ക് എല്ലാം കഴിഞ്ഞു മുറിയിൽ വന്നു വിശ്രമിച്ചു. 12 മണിക്ക് അരമനയിൽ നിന്നു പുത്തനങ്ങാടിയിൽ മാളിയേക്കൽ കുട്ടിയപ്പന്റെ വീട്ടിൽ പോകയും ഉച്ചമേശയും പ്രാർത്ഥനയും കഴിഞ്ഞ് ഒരു മണിക്ക് കുരിശുപള്ളിക്കുവേണ്ടി ഉള്ളാട്ടിൽ ഇത്താക്കിന്റെ വകയായി പണിയുവാൻ ഉദ്ദേശിക്കുന്ന കുരിശുംതൊട്ടിയുടെ ശിലാസ്ഥാപനകർമ്മം നടത്തി. അത്താനാസ്യോസ് മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും മാനേജർ കത്തനാരും മറ്റു പല പട്ടക്കാരും ധാരാളം ആളുകളും ഉണ്ടായിരുന്നു. ശിലാസ്ഥാപന കർമ്മത്തിനു ശേഷം രണ്ടു മണിക്ക് തിരിച്ച് അരമനയിലേക്കു പോരുകയും അരമനയിൽ എത്തി സുഖമായി വിശ്രമിക്കുകയും ചെയ്തു. മറ്റ് വിശേഷങ്ങൾ ഒന്നുമില്ല.

28 തിങ്കൾ. കാലത്ത് ഒമ്പതു മണിക്ക് ദേവലോകം അരമനയിൽ നിന്നും കുണ്ടറ സെമിനാരിയിലേക്കു തിരിച്ചു. യാത്രാമദ്ധ്യേ തിരുവല്ലാ ബഥനി അരമനയിൽ കയറി വിശ്രമിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് മൂന്ന് മണിക്ക് അവിടെ നിന്നും തിരിച്ച് അഞ്ചു മണിക്ക് കുണ്ടറ സെമിനാരിയിൽ വന്നുചേർന്നു. പള്ളിയിൽ കയറി ലുത്തിനിയാ കഴിഞ്ഞ് മുറിയിൽ വിശ്രമിച്ചു. ആറു മണിക്ക് സന്ധ്യാനമസ്കാരം നടത്തി. കൂറിലോസ് മെത്രാച്ചനും ഏഴ് മണിക്കു വന്ന് വർത്തമാനങ്ങളും മറ്റും പറഞ്ഞ് ഭക്ഷണവും കഴിഞ്ഞ് രാത്രി പത്തു മണിക്ക് പുത്തൂർ അടുത്തുള്ള പള്ളിയിലേക്കു പോയി. യാത്രാക്ഷീണം അല്പമായിട്ടുണ്ടായിരുന്നു. സുഖമായി രാത്രി ഉറങ്ങുകയും ചെയ്തു.

29 ചൊവ്വ. സുഖമായി കുണ്ടറ സിമ്മനാരിയിൽ താമസിച്ചു. കാലത്ത് എട്ടു മണിക്ക് പള്ളിക്കൂടത്തിന്റെ പുതിയ കെട്ടിടങ്ങളും മറ്റും നടന്നു കാണുകയുണ്ടായി. അച്ചന്മാരും മറ്റും വരികയും വിശേഷങ്ങൾ അറിഞ്ഞ് പോകുകയും ചെയ്തു. വൈകിട്ട് അഞ്ചു മണിക്ക് കൂറിലോസ് മെത്രാച്ചൻ വരികയും രാത്രി ഇവിടെ താമസിക്കുകയും ചെയ്തു.

30 ബുധൻ. കാലത്ത് നമസ്കാരം കഴിഞ്ഞ് ഒരുങ്ങി കുർബ്ബാന ചൊല്ലുന്നതിനായി പള്ളിയിൽ പോയി. കുണ്ടറ സെമിനാരി ചാപ്പലിൽ കുർബ്ബാന ചൊല്ലി. കൂറിലോസ് മെത്രാച്ചനും മറ്റ് അച്ചന്മാരും ഉണ്ടായിരുന്നു. ഒമ്പതു മണിക്ക് കുർബ്ബാന കഴിഞ്ഞ് മുറിയിൽ വന്നു വിശ്രമിച്ചു. പുത്തൂരെ അച്ചന്മാരും കുണ്ടറയുള്ള അച്ചന്മാരും മറ്റും വരികയും വിശേഷങ്ങൾ പറഞ്ഞ് പോകുകയും ചെയ്തു. പത്തു മണിക്ക് കൂറിലോസ് മെത്രാച്ചൻ കൊട്ടാരക്കരയ്ക്കു പോയി. അഞ്ചു മണിക്ക് തിരിച്ച് അരമനയിൽ വന്നു.

31 വ്യാഴം. കാലത്ത് സ്കൂളും പരിസരങ്ങളും നടന്നു കാണുകയുണ്ടായി. സുഖമായി അവിടെ വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് രണ്ടു മണിക്ക് കുണ്ടറ സിമ്മനാരിയിൽ നിന്നും തിരിച്ച് നാലു മണിക്ക് കോട്ടയം ദേവലോകം അരമനയിൽ സുഖമായി വന്നുചേർന്നു. ഇവിടെ മാനേജർ കത്തനാരും മറ്റും ഉണ്ടായിരുന്നു.

ജൂൺ മാസം

1 വെള്ളി. പള്ളി പണിയിക്കുന്നതിനായി മാനേജർ കത്തനാർ വന്നിരുന്നു. ഉച്ചകഴിഞ്ഞ് വർക്കിംഗ് കമ്മിറ്റി ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും അതിൽ സംബന്ധിപ്പാൻ വന്നു. കെ. ഫീലിപ്പോസ് കത്തനാരും ആലുവായിലെ റ്റി. വി. ജോൺ കത്തനാരും കൂടാതെ പുരയ്ക്കൽ ചാക്കോ, ചെറിയാൻ വക്കീൽ മുതലായവരും വന്നു. മൂന്നു മണിക്ക് മീറ്റിംഗ് നമ്മുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കുറച്ചുകഴിഞ്ഞ് മെത്രാന്മാരെ ഏല്പിച്ചശേഷം വിശ്രമിക്കുകയും ചെയ്തു. ഏഴു മണിക്ക് മീറ്റിംഗ് കഴിഞ്ഞ് എല്ലാവരും പോകയും ചെയ്തു. കുറിച്ചിയിൽ നിന്ന് വേണാട്ടുകളത്തിൽ ചാക്കോച്ചനും മറ്റും വന്ന് വിശേഷങ്ങൾ പറയുകയുണ്ടായി.

2 ശനി. പള്ളി മുഴുവൻ കഴുകിപ്പിക്കുകയുണ്ടായി. സുഖമായി ഇവിടെ വിശ്രമിച്ചു. പല ആളുകളും ഉദ്യോഗത്തിനും മറ്റുമായി നമ്മെ കാണ്മാൻ വന്നിരുന്നു. മനോരമയിലെ ഈപ്പച്ചൻ വന്നു നാളെ പഴയസെമിനാരിയിൽ വച്ച് നടക്കുന്ന മകളുടെ കല്യാണത്തിനു ക്ഷണിക്കുകയുണ്ടായി. മാനേജരച്ചൻ വന്നിരുന്നു. ബഥനി ആശ്രമത്തിലെ കുറിയാക്കോസ് കത്തനാർ ആറു മണിയോടു കൂടി വന്നു നമസ്കാരത്തിൽ സംബന്ധിച്ച് ഇവിടെ താമസിക്കുകയുണ്ടായി.

3 ഞായർ. ഏഴു മണിക്കു പള്ളിയിൽ പോയി നമസ്കാരം നടത്തി. ബഥനിയിലെ കുറിയാക്കോസ് കത്തനാർ കുർബ്ബാന ചൊല്ലി. കുർബ്ബാന മദ്ധ്യേയുള്ള പ്രസംഗവും കത്തനാർ തന്നെ നടത്തി. നാം മദ്ബഹായിൽ ഇരുന്നു കാണുകയും സംബന്ധിക്കുകയും ചെയ്തു. 10 മണിക്കു പള്ളിയിൽ നിന്നും അരമനയിൽ വന്നു കാപ്പിമേശ കഴിഞ്ഞ് വിശ്രമിച്ചു. ഉച്ചനമസ്കാരവും നടത്തി മേശയും കഴിഞ്ഞ് ഒരു മണിക്ക് പഴയസെമിനാരിയിൽ ചാപ്പലിൽ കയറി ലുത്തിനിയാ നടത്തിയശേഷം മനോരമയിലെ ഈപ്പച്ചന്റെ മകളുടെയും എറികാട്ട് ബേബിയുടെ അനുജന്റെയും കൂടെ കല്യാണം നടത്തിയശേഷം ഉടനെതന്നെ ദേവലോകം അരമനയിലേക്കു തിരിച്ച് മൂന്നു മണിക്ക് ഇവിടെ വന്നുചേർന്നു. 6 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ വന്നു ദയറായിലെ രണ്ടുമൂന്നു പേർക്ക് പട്ടം കൊടുക്കുന്നതിനെ സംബന്ധിച്ചും മറ്റും പറഞ്ഞ് വൈകിട്ടത്തെ മേശയും കഴിഞ്ഞ് ഒമ്പതു മണിക്കു തിരുവല്ലായിലേക്കു പോയി. ഓതറ ദയറായിലെ സ്റ്റീഫൻ കത്തനാരും കോശി കത്തനാരും കൂടി വന്നു കണ്ടശേഷം തിരിച്ചു പോയി.

4 തിങ്കൾ. സുഖമായി ഇവിടെ വിശ്രമിച്ചു. കാലത്ത് ബഥനിയിലെ കുറിയാക്കോസ് കത്തനാർ തിരിച്ചുപോയി. മാനേജർ കത്തനാർ വന്നിരുന്നു. സന്ധ്യയോടുകൂടി പത്തിച്ചിറ മത്തായി കത്തനാരും തിരുവല്ലായിൽ നിന്ന് റ്റി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പായും വന്നു സ്കൂൾ കാര്യങ്ങൾ പറഞ്ഞ് രാത്രി ഇവിടെ താമസിക്കുകയും ചെയ്തു.

5 ചൊവ്വ. വിശേഷങ്ങൾ ഒന്നുമില്ല. റ്റി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പാ കാലത്ത് തിരുവല്ലായ്ക്കു പോയി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. ഏലിയാസ് കത്തനാർ വരികയും ഞായറാഴ്ച കോറി സ്ഥാനമേൽക്കാൻ ശനിയാഴ്ച വരാമെന്നു പറഞ്ഞ് ഇവിടെ നിന്ന് പോകുകയും ചെയ്തു.

6 ബുധൻ. സുഖമായി അരമനയിൽ വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് കാരിക്കോട്ട് മത്തിയൂസ് കത്തനാർ വരികയും പെട്ടിക്കകത്ത് ഉണ്ടായിരുന്ന സ്വർണ്ണവും സാധനങ്ങളും മറ്റും തൂക്കി കണക്ക് എഴുതി 4 മണിക്ക് മടങ്ങിപോയി. 5 മണിക്ക് മാക്കാംകുന്നിലെ സെക്കണ്ടറബാദിൽ നിന്നും ബോംബെ പള്ളിയിലേക്ക് സ്ഥലം മാറ്റിയതായ ഈപ്പൻ കത്തനാർ വരികയും വിശേഷങ്ങൾ പറഞ്ഞ് രാത്രി താമസിക്കയും ചെയ്തു.

7 വ്യാഴം. ഇന്നു മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഒമ്പതര മണിക്ക് ഈവാനിയോസ് മെത്രാച്ചനും പത്തര മണിക്ക് അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നു ആലോചനകൾ തുടങ്ങി. ഈപ്പൻ കത്തനാർ യാത്ര ചോദിച്ച് ബോംബേ പള്ളിയിലേക്കു പോയി. ഉച്ചനമസ്കാരവും മേശയും മെത്രാച്ചന്മാരുമൊന്നിച്ച് നടത്തുകയുണ്ടായി. 4 മണിക്ക് ആലോചനകൾ കഴിഞ്ഞ് മെത്രാച്ചന്മാർ പോയി. മല്പാൻ യോഹന്നാൻ കത്തനാരും സന്ധ്യയ്ക്ക് അബ്രഹാം കത്തനാരും വന്ന് ഇവിടെ രാത്രി താമസിക്കുകയും ചെയ്തു.

8 വെള്ളി. ഫീലിപ്പോസ് കത്തനാർ വന്ന് അടുത്ത ദിവസത്തെ മാനേജിംഗ് കമ്മിറ്റിയെക്കുറിച്ച് പറഞ്ഞു. യോഹന്നാൻ മല്പാൻ ഉച്ചകഴിഞ്ഞ് പോയി. സുഖമായി ഇവിടെ വിശ്രമിച്ചു.

9 ശനി. കാലത്ത് കാപ്പിമേശ കഴിഞ്ഞ് 9 മണിക്ക് പഴയസെമിനാരിയിലേക്ക് പോയി. മാനേജിംഗ് കമ്മിറ്റി പത്തര മണിക്ക് കൂടുകയുണ്ടായി. നമ്മെ കൂടാതെ ദീവന്നാസ്യോസ് മെത്രാച്ചനും മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ് എന്നീ മേല്പട്ടക്കാരും ഉണ്ടായിരുന്നു. കമ്മിറ്റി അംഗങ്ങളിൽ ഭൂരിപക്ഷം ആളുകളും ഉണ്ടായിരുന്നു. 12 മണിക്ക് ലഞ്ചിനു പിരിഞ്ഞ് ഭക്ഷണം കഴിഞ്ഞ് ഒരു മണിക്ക് വീണ്ടും കൂടി കാര്യങ്ങൾ ആലോചിച്ച് നാലു മണിക്ക് യോഗം പിരിഞ്ഞു പോകുകയുണ്ടായി. നാലര മണിക്ക് നാം പഴയസെമിനാരിയിൽ നിന്ന് ദേവലോകം അരമനയിൽ വന്നു താമസിച്ചു. പീലക്സിനോസ് മെത്രാച്ചനും അരമനയിൽ വന്ന് നമ്മോടു കൂടി താമസിച്ചു. കോറിസ്ഥാനം ഏൽക്കുന്നതിനുവേണ്ടി സന്ധ്യയോടു കൂടി ഏലിയാസ് തോമസ് കത്തനാരും വന്നുചേർന്നു.

10 ഞായർ. നാം ഏഴു മണിക്ക് പള്ളിയിൽ പോകുകയും കുർബ്ബാന ചൊല്ലുകയും ചെയ്തു. അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും മദ്ബഹായിൽ കുർബ്ബാന സമയത്തുണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ ഏലിയാസ് തോമസ് കത്തനാരെ കോറെപ്പിസ്കോപ്പാ ആക്കുകയുണ്ടായി. പട്ടംകൊടയും കുർബ്ബാനയും കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ അല്പസമയം പ്രസംഗിക്കുകയുണ്ടായി. കൈമുത്ത് കഴിഞ്ഞ് അരമനയിൽ വന്ന് കാപ്പി കഴിച്ചു. അത്താനാസ്യോസ് മെത്രാച്ചൻ എം.ഡി. സെമിനാരിക്കു പോയി. വിശ്രമിച്ച് ഉച്ചനമസ്കാരവും മേശയും കഴിഞ്ഞ് ദേവലോകം അരമന ചാപ്പൽ സണ്ടേസ്കൂളിന്റെ വാർഷിക മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്നതിന് പള്ളിയിൽ പോയി കുറച്ചുനേരം അവിടെ ഇരുന്നു നടത്തിയശേഷം പീലക്സിനോസ് മെത്രാച്ചനെ ഏല്പിച്ചിട്ടു മുറിയിൽ വന്നു വിശ്രമിച്ചു. മെത്രാച്ചനും ഏലിയാസ് തോമസ് കോറെപ്പിസ്കോപ്പായും പ്രസംഗിച്ചു. നാലു മണി കഴിഞ്ഞ് മെത്രാച്ചനും കോറിയും പോയി. സന്ധ്യയ്ക്ക് 7 മണിക്ക് ഫീലിപ്പോസ് കത്തനാരും ഡൽഹിയിൽ നിന്ന് കേംബ്രിഡ്ജ് സഭയിലെ ഒരു സായിപ്പ് ഫോർ എന്നിവർ അരമനയിൽ വന്നു നമ്മെ കണ്ട് സംസാരിച്ചു പള്ളിയും മറ്റും കണ്ട് മടങ്ങിപ്പോയി.

11 തിങ്കൾ. വിശേഷങ്ങൾ ഒന്നുമില്ല. പുളിക്കീഴ് വഴീപ്പറമ്പിൽ കത്തനാരും മറ്റും വന്നിരുന്നു. സന്ധ്യയ്ക്കു ഡോ. മാത്യു വന്നു പരിശോധിക്കുകയും കാലിലെ നീരിനു വേണ്ടി മരുന്ന് കുറിച്ചുതരികയും ചെയ്തു.

12 ചൊവ്വ. സുഖമായി ഇവിടെ വിശ്രമിച്ചു. തേവോദോസ്യോസ് മെത്രാച്ചൻ കോയമ്പത്തൂരെ താമസം കഴിഞ്ഞ് ഇന്നലെ ആലുവായിൽ വരികയും അവിടെ നിന്ന് ഇന്നു 11 മണിക്ക് ദേവലോകം അരമനയിൽ എത്തിച്ചേരുകയും ചെയ്തു. വിശേഷങ്ങൾ എല്ലാം പറഞ്ഞു. പള്ളിയിൽ പോയി ഉച്ചനമസ്കാരം നടത്തി ഉച്ചമേശ കഴിഞ്ഞ് വിശ്രമിക്കുകയും ചെയ്തു. മെത്രാച്ചൻ നാലു മണിക്ക് പഴയസെമിനാരിയിൽ പോയി കണ്ടശേഷം 5 മണിക്കു വീണ്ടും അരമനയിൽ വന്നു താമസിച്ചു. മാനേജരച്ചനും പരുമല കളത്തറ കത്തനാരും മറ്റും വന്നു പോകയും ചെയ്തു. സ്ലീബാദാസ സമൂഹത്തിലെ സ്കറിയാ കത്തനാർ വന്നു താമസിക്കുകയുണ്ടായി.

13 ബുധൻ. സുഖമായി ഇവിടെ താമസിച്ചു. തേവോദോസ്യോസ് മെത്രാച്ചനും ഇവിടെ നമ്മോടുകൂടി താമസിക്കുന്നുണ്ടായിരുന്നു. അമേരിക്കയിൽ പോയിരുന്ന സി. റ്റി. ഈപ്പൻ കത്തനാർ നമ്മെ വന്നു കാണുകയും യാത്രാവിവരങ്ങൾ പറഞ്ഞശേഷം മടങ്ങിപോവുകയും ചെയ്തു. ബഥനി ആശ്രമത്തിൽ നിന്നും പട്ടം ഏൽക്കാനുള്ള രണ്ടു സാധുക്കളും യാക്കോബ് കത്തനാരും കുറിയാക്കോസ് കത്തനാരും വന്നു. മല്പാൻ യോഹന്നാൻ കത്തനാരും വന്നു.

14 വ്യാഴം. മല്പാൻ യോഹന്നാൻ കത്തനാർ അരമന ചാപ്പലിൽ കുർബ്ബാന ചൊല്ലി. ബഥനി ആശ്രമത്തിലെ ജോർജ്, മാണി എന്നീ സാധുക്കൾക്കു നാം തന്നെ കോറൂയോ പട്ടം കൊടുത്തു. തേവോദോസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും മദ്ബഹായിൽ ഉണ്ടായിരുന്നു. ബഥനിയിലെ കുറിയാക്കോസ് കത്തനാരും യാക്കോബ് കത്തനാരും കെ. ഫീലിപ്പോസ് കത്തനാരും ഉണ്ടായിരുന്നു. എല്ലാവരും കൂടെ ഇവിടെ താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ പുതുപ്പള്ളിയിലേക്കു പോകുകയും ചെയ്തു.

15 വെള്ളി. ആറര മണിക്ക് അത്താനാസ്യോസ് മെത്രാച്ചൻ ഇവിടെ വരികയും പട്ടംകൊട പ്രമാണിച്ച് അദ്ദേഹം കുർബ്ബാന ചൊല്ലുകയും ചെയ്തു. കുർബ്ബാനമദ്ധ്യേ ബഥനി ആശ്രമത്തിലെ രണ്ടു പേർക്കും പത്തനാപുരം ആശ്രമത്തിലെ ഒരാൾക്കും പൂർണ്ണശെമ്മാശപട്ടം കൊടുത്തു. നാമും തേവോദോസ്യാസ് മെത്രാച്ചനും മദ്ബഹായിൽ ഉണ്ടായിരുന്നു. കൂടാതെ അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. 10 മണിക്ക് കുർബ്ബാനയും പട്ടംകൊട ശുശ്രൂഷയും കഴിഞ്ഞു വന്ന് കാപ്പിമേശയും കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ എം.ഡി. സെമിനാരിയിലേക്കു പോകുകയും ചെയ്തു. ഇവിടെ സുഖമായി വിശ്രമിച്ചു. സന്ധ്യയ്ക്കു ഏഴു മണിക്ക് ബിഷപ്പ് സി. കെ. ജയിക്കബ് വന്ന് നമ്മെ കാണുകയും 82 വയസ്സ് പൂർത്തിയാകുന്ന ദിവസത്തിൽ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

16 ശനി. നമ്മുടെ 83-ാം വയസ്സ് ആരംഭിക്കുന്ന തിരുനാൾ ആയിരുന്നു. നാമും ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും കൂടി വി. മൂന്നുമേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ കഴിഞ്ഞ ദിവസം പൂർണ്ണ ശെമ്മാ

14 വ്യാഴം. മല്പാൻ യോഹന്നാൻ കത്തനാർ അരമന ചാപ്പലിൽ കുർബ്ബാന ചൊല്ലി. ബഥനി ആശ്രമത്തിലെ ജോർജ്, മാണി എന്നീ സാധുക്കൾക്കു നാം തന്നെ കോറൂയോ പട്ടം കൊടുത്തു. തേവോദോസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും മദ്ബഹായിൽ ഉണ്ടായിരുന്നു.

ശപട്ടം കൊടുത്തിട്ടുള്ള ബഥനി ആശ്രമത്തിലെ തോമസ്, യോഹന്നാൻ എന്നീ ശെമ്മാശന്മാർക്കും പത്തനാപുരം ദയറായിലെ ഗീവറുഗീസ് ശെമ്മാശനും കത്തനാർപട്ടം കൊടുത്തു. മല്പാൻ യോഹന്നാൻ കത്തനാരും മറ്റു ചില പട്ടക്കാരും ഉണ്ടായിരുന്നു. പട്ടംകൊട പ്രമാണിച്ചും തിരുനാൾ പ്രമാണിച്ചും ധാരാളം ആളുകൾ ശുശ്രൂഷകളിൽ സംബന്ധിച്ചു. തേവോദോസ്യോസ് മെത്രാച്ചനും മദ്ബഹായിൽ ആരംഭം മുതൽ അവസാനം വരെ സംബന്ധിച്ചിരുന്നു. 11 മണിക്ക് ശുശ്രൂഷകൾ തീർന്നു അരമനയിൽ വന്നു വിശ്രമിച്ചു. കാപ്പിമേശ കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചനും ഉച്ചമേശ കഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചനും അവരുടെ ആസ്ഥാനങ്ങളിലേക്കു പോയി. തിരുനാൾ പ്രമാണിച്ച് സാധുക്കൾക്ക് അന്നദാനം ഉണ്ടായിരുന്നു. പല സ്ഥലങ്ങളിൽ നിന്നും അനുമോദനങ്ങൾ വന്നതു കൂടാതെ ധാരാളം ആളുകൾ കാഴ്ചകളുമായി വന്നു കാണുകയുണ്ടായി. തേവോദോസ്യോസ് മെത്രാച്ചനും ബഥനിയിലെ അച്ചന്മാരും ഇവിടെ നമ്മോടുകൂടി താമസിച്ചു.

17 ഞായർ. പുതുതായി പട്ടമേറ്റ യോഹന്നാൻ കത്തനാർ ഇവിടെ ചാപ്പലിൽ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. നാമും തേവോദോസ്യോസ് മെത്രാച്ചനും മദ്ബഹായിൽ ഇരുന്ന് കാണുകയും സംബന്ധിക്കുകയും ചെയ്തു. പട്ടമേറ്റ തോമസ് കത്തനാർ മാങ്ങാനം ദയറായിൽ പോയി പുത്തൻ കുർബ്ബാന ചൊല്ലി തിരിച്ചുവന്നു. ഉച്ചകഴിഞ്ഞ് ബഥനിയിലെ അച്ചന്മാരും പുത്തൻ അച്ചന്മാരും പോയി. സന്ധ്യയ്ക്ക് ഡൽഹിയിലെ വികാരി കെ. സി. തോമസ് കത്തനാരും കെ. ഫീലിപ്പോസ് കത്തനാരും കൂടി വന്നു.

18 തിങ്കൾ. സുഖമായി ഇവിടെ വിശ്രമിച്ചു. ഫീലിപ്പോസ് കത്തനാർ വന്നു. പള്ളി പണിയിക്കുന്നതിനായി മാനേജർ കത്തനാർ വന്നിരുന്നു. ഉച്ചകഴിഞ്ഞ് തേവോദോസ്യോസ് മെത്രാച്ചൻ തിരുവല്ലായിലേക്കു പോയി. രാത്രി 8 മണിക്ക് തിരിച്ച് അരമനയിൽ വന്നു വിശ്രമിച്ചു. ഡോക്ടർ മാത്യു വന്നു നമ്മെ കുത്തിവയ്ക്കുകയുണ്ടായി. ദീവന്നാസ്യോസ് മെത്രാച്ചൻ രാത്രി 8 മണിക്ക് വന്നു അത്യാവശ്യമായ ചില കാര്യങ്ങൾ പറഞ്ഞ് മേശയും കഴിഞ്ഞ് തിരിച്ച് തിരുവല്ലായ്ക്കു പോകുകയും ചെയ്തു.

19 ചൊവ്വ. പഴയ സെമിനാരി മാനേജർ വന്നിരുന്നു. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നു വിശേഷങ്ങൾ അറിഞ്ഞ് തിരിച്ചുപോയി. സെമിനാരി പാപ്പിയുടെ മകൾക്ക് ജോലി കൊടുക്കുന്നതിന് വേലക്കാരൻ ഉണ്ണിയെയും ശെമ്മാശനെയും കൂട്ടി വിടുകയുണ്ടായി. മെത്രാച്ചനും നാമും കൂടി ഇവിടെ സുഖമായി താമസിച്ചു.

20 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. ഉദ്യോഗം ലഭിക്കുന്നതിനു വേണ്ടി പല സ്ഥലങ്ങളിൽ നിന്നും ആളുകൾ വന്നിരുന്നു. ചുണ്ടമണ്ണിൽ അബ്രഹാം കത്തനാർ വന്നു താമസിക്കുകയുണ്ടായി. ഡോ. മാത്യു വന്നു നമ്മെ പരിശോധിച്ച് കുത്തിവച്ചിട്ടു പോയി.

21 വ്യാഴം. ഇന്നു മെത്രാന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ 10 മണിക്ക് വന്നു കൂടി ആലോചന നടത്തി 5 മണിക്കു തിരിച്ചുപോയി. ആലോചനാ വിഷയങ്ങൾ നമ്മെ അറിയിച്ചു. തേവോദോസ്യോസ് മെത്രാച്ചനും വിശ്രമത്തിനായി ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. ഫീലിപ്പോസ് കത്തനാരും ഉണ്ടായിരുന്നു. സി. സി. ഗീവറുഗീസ് കത്തനാരും അബ്രഹാം കത്തനാരും വന്നിരുന്നു.

22 വെള്ളി. സുഖമായി നാം ഇവിടെ താമസിച്ചു. മാനേജർ യാക്കോബ് കത്തനാർ വന്നിരുന്നു. തേവോദോസ്യോസ് മെത്രാച്ചൻ ഇവിടെ ഉണ്ടായിരുന്നു. ഉമ്മൻ ശെമ്മാശൻ വീട്ടിൽ പോയി. മറ്റ് വിശേഷങ്ങൾ ഒന്നുമില്ല.

23 ശനി. വിശേഷങ്ങൾ ഒന്നുമില്ല. അടൂർക്കാരൻ ലൂക്കോസ് കത്തനാർ വന്നിരുന്നു. ഉമ്മൻ ശെമ്മാശൻ വന്നു. മെത്രാച്ചനും ഇവിടെ താമസിക്കുന്നുണ്ടായിരുന്നു.

(തുടരും)

കാതോലിക്കേറ്റ് പ്രസ് @ 60

ഡോ. എം. കുര്യൻ തോമസ്

ലോകഗതി മാറ്റിമറിച്ച ഏറ്റവും മഹത്തായ കണ്ടുപിടുത്തങ്ങൾ അഗ്നിയെ മെരുക്കാൻ സാധിച്ചതും ചക്രത്തിന്റെ ഉപയോഗവുമാണെന്നാണ് ചരിത്രകാരന്മാരുടെ ഭാഷ്യം. അതേസമയം വിജ്ഞാനവിപ്ലവത്തിന് അടിസ്ഥാനമിട്ട് ആധുനിക ലോകം കെട്ടിപ്പെടുത്ത കണ്ടുപിടുത്തമാണ് ജോഹന്നാസ് ഗുട്ടൻബർഗ്ഗിന്റെ *അച്ചടി* എന്നതിൽ രണ്ടുപക്ഷമില്ല.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അച്ചടി ആരംഭിച്ചത് പോർട്ടുഗീസുകാർ 1556 -ൽ ഗോവയിലാണ്. 1578-ൽ കൊല്ലം തങ്കശ്ശേരിയിലുണ്ടായിരുന്ന ദിവ്യരക്ഷകന്റെ കലാലയത്തിൽ (Saviour's press) അച്ചടിച്ച *തമ്പിരാൻ വണക്കം* എന്നും *ഡോക്ടറീനാ ക്രിസ്റ്റി* (*Doctrina Christam en Lingua Malauar Tamul*) എന്നും അറിയപ്പെടുന്ന തമിഴിലുള്ള മതതത്ത്വങ്ങൾ അഭ്യസിപ്പിക്കാനുള്ള പ്രശ്നോത്തരപാഠം (catechism) ആയിരുന്നു.

1772-ൽ റോമിലാണ് ആദ്യ മലയാള ഗ്രന്ഥം അച്ചടിച്ചത്. അത് ഫാ. ക്ലെമന്റ് പിയാനിയസ് രചിച്ച *നസ്രാണികൾ ഒക്കയ്ക്കും അറിയേണ്ടുന്ന സംക്ഷേപവേദാർത്ഥം* എന്ന ചോദ്യോത്തര കൃതിയാണ്. 1811-ൽ ബോംബെ കൂറിയർ പ്രസിൽ മുദ്രണംചെയ്ത കായംകുളം ഫീലിപ്പോസ് റമ്പാൻ സുറിയാനിയിൽനിന്നും പരിഭാഷപ്പെടുത്തിയ നാല് സുവിശേഷങ്ങളാണ് ഇന്ത്യൻ മണ്ണിൽ അച്ചടിമഷി പുരണ്ട ആദ്യ മലയാള കൃതി.

കേരളത്തിൽ മലയാളം അച്ചടി ആരംഭിച്ചത് കോട്ടയം പഴയ സെമിനാരിയിലാണ്. അവിടെ റവ. ബഞ്ചമിൻ ബയ്‌ലി സ്ഥാപിച്ച അച്ചുകൂട്ടത്തിൽ 1821-ൽ അച്ചടിച്ച പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസ് ത്രിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ ഒരു പൊതുകൽപ്പനയാണ് കേരളത്തിൽ ആദ്യമായി മുദ്രണം ചെയ്യപ്പെട്ട *മലയാളം*. 1836-ലെ മാവേലിക്കര സുന്നഹദോസിനെത്തുടർന്ന് നടന്ന മലങ്കര നസ്രാണികളും സി.എം.എസ്.-മായുള്ള ഭാഗംവയ്പ്പിൽ ഈ പ്രസ് മിഷണറിമാരുടെ കൈവശമായി.

ആധുനിക മലങ്കര സഭയ്ക്ക് ആത്മീകവും ലൗകീകവുമായ അടിത്തറയിട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായാണ് മലങ്കര നസ്രാണികളെ അച്ചടി യുഗത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയത്. അദ്ദേഹം 1859-ൽ കോഴിക്കോട്ടുനിന്നും കല്ലച്ചിൽ അച്ചടിച്ച നമസ്ക്കാര-കുർബാന ക്രമമാണ് മലങ്കര നസ്രാണികളുടെ ആദ്യ മുദ്രിത പ്രാർത്ഥനാ ക്രമം. ഇതേകാലത്ത് അദ്ദേഹം സ്വദേശമായ കുന്നംകുളത്ത് സുറിയാനി അച്ചടിക്കുവാൻ *പുലിക്കോട്ടിൽ ജോസഫ് കത്തനാർസ് പ്രസ്* എന്നൊരു കല്ലച്ചും സ്വന്തമായി സ്ഥാപിച്ച് സുറിയാനി പുസ്തകങ്ങൾ അച്ചടിച്ചിരുന്നു.

1865-ൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാനായി. 1872-ൽ അദ്ദേഹം ആധുനിക രീതിയിലുള്ള ഒരു പ്രസ് വിലയ്ക്കു വാങ്ങി. ആ പ്രക്രിയയെക്കുറിച്ച് കാരോട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> *...(1971-ൽ) പുലിക്കൊട്ടുമെത്രാ- കുന്നംകുളങ്ങരെനിന്നും കൊച്ചിയിൽവന്ന. അവിടെ താമസിച്ച അച്ചടി തിടങ്ങുന്നതിന്നുവെണ്ടി, 200 രൂപായ്ക്കു അച്ചു മുതലായ്‌വ വാങ്ങിച്ചതുതന്നെഅല്ലാ, മുൻ അദെഹത്തിനുണ്ടായിരുന്ന കല്ലച്ചു മുതലായതുംകൊണ്ട കർക്കിടകമാസം 11-നു മുളന്തുരുത്തി പള്ളിയിൽ വന്നിരുന്ന. അച്ചടി മുതലായവ നിവൃത്തിയ്ക്കുന്നതിനുവെണ്ടി ഒരു ഭാഗ്യശിട്ടി കൂടത്തക്കവണ്ണവും, ആയ്ത ലെക്ഷം നമ്പരും, പെരൊന്നക്ക രണ്ടു ചക്രം വീതത്തിൽ, മുതൽ രൂപാ 700-തിൽ ഒന്നുപാതി രൂപാവരെ അച്ചടി മുതലായവ ചിലവുകൾക്കും, ശെഷം രൂപാ കുറിയിട്ട കിട്ടുന്നവർക്കു മുറയ്ക്കു കൊടുക്കത്തക്കവണ്ണവും നിശ്ചയിച്ച. ആയ്തക്കുള്ള റ്റിക്കറ്റ, പരസ്യം മുതലായ്‌വ കല്ലച്ചിൽ അച്ചടിച്ചുവരുന്നു...*

അക്കാലത്ത് 200 രൂപ ഭീമമായ ഒരു സംഖ്യയായിരുന്നു എന്ന് പറയേണ്ട



തില്ലല്ലോ? *ഭാഗ്യശിട്ടിയുടെ* (lottery) ഗതി എന്തായി എന്നറിവില്ലങ്കിലും മാർ ദീവന്നാസ്യോസ് അഞ്ചാമൻ പിറ്റേവർഷം തന്റെ പ്രസ് ആരംഭിച്ചു. *നാളാഗമം* തുടരുന്നു:

> *...പുലിക്കൊട്ടിൽ മാർ ദിവന്ന്യാസൊസു മെത്രാ- അച്ചുകൂട്ടം ഉണ്ടാക്കി, കൊച്ചികൊട്ടയിൽ പനയ്ക്കൽ അയിപ്പുരുവിന്റെ പാണ്ടകശാലയിൽ സ്ഥാപിച്ചു, അച്ചടി മുതലായതു നടത്തിവരുന്നു. അച്ചുകൂട്ടത്തിന്നു സെന്തതൊമ്മാസ്സ പ്രെസ്സ എന്ന നാമധയം ആകുന്നു. മലയാളത്തിലും സുറിയാനിയിലും പൂർണ്ണമായും, ദുർലഭമായി ഇക്ളെഷിലും അച്ചടിവെലകൾ ചെയിതുവരുന്നതുകൂടാതെ, പരജനങ്ങൾക്കു വിദ്യയും നാഗരികവും അഭിവൃദ്ധിയായി വരുവാൻവെണ്ടി കെരളപതാക എന്നു നാമധെയമായി ഒരു വർത്തമാന പത്രിക കൊല്ലം 1048-മാണ്ടു ചിങ്ങമാസം 1-നു മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തുവരുന്നു...*

ഏതാണ്ട് ഇതേകാലത്ത് പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ പഴയ സെമിനാരിയിൽ മലങ്കര സഭയുടെ പൊതുവകയായി ഒരു അച്ചുകൂടം സ്ഥാപിച്ചിരുന്നു. 1889-ൽ സെമിനാരിക്കേസ് വിധിയേത്തുടർന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ പഴയ സെമിനാരി നടത്തിയെടുത്ത കൂട്ടത്തിൽ ഈ പ്രസും ഉൾപ്പെട്ടിരുന്നു. ...*അച്ചടിക്കുന്ന ഇരുമ്പു പ്രെസ്സു 1-ക്കു ഉദ്ദെശ്ശം വില പണം 1000, അച്ചടിക്കു തീർപ്പിച്ചിട്ടുള്ള പ്രെസ്സു 1-ക്കു വില പണം 1500, ടി അച്ചടിപ്പിനു സുറിയാനിയും മലയാളവും കൊത്തിയിട്ടുള്ള ചെമ്പും ഇരുമ്പും ഠരംയ്യവും കൊണ്ടുള്ള ആണിക്കുട്ടത്തിന വില പണം 1500...* എന്നിവയാണ് നടത്തിയെടുത്ത അച്ചടി ഉപകരണങ്ങൾ. അതോടൊപ്പം താൻ കൊച്ചിയിൽ പ്രാരംഭമിട്ടതും പിന്നീട് പരുമല സെമിനാരിയിലേയ്ക്കു മാറ്റി സ്ഥാപിച്ചതുമായ *സെന്റ് തോമസ് അച്ചുകൂട്ടം* പഴയ സെമിനാരിയിൽ പുനഃപ്രതിഷ്ഠിച്ചതോടെ അത് കേരളത്തിലെതന്നെ ഏറ്റവും ശക്തവും ക്രിയാശഷിഉള്ളതുമായ മുദ്രണശാല ആയി മാറി. താമസിയാതെ അവിടെനിന്നും ആരാധനാ-വൈജ്ഞാനിക ഗ്രന്ഥങ്ങൾ അച്ചടിച്ചുതുടങ്ങി. 1892-ൽ ആരംഭിച്ച മലങ്കര സഭയുടെ ആദ്യ പ്രതിമാസ വാർത്താ പത്രികയായ *മലങ്കര ഇടവക പത്രിക* പ്രസിദ്ധീകരിച്ചിരുന്നതും പഴയ സെമിനാരിയിലെ സെന്റ് തോമസ് പ്രസിൽ നിന്നായിരുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന ഇഗ്നാത്തിയോസ് അബ്ദള്ള ദ്വിതീയന്റെ ഇന്ത്യാ സന്ദർശനത്തെ (1909- 1911) തുടർന്നുണ്ടായ ദൗർഭാഗ്യകരമായ

സംഭവങ്ങൾ പഴയ സെമിനാരിയെ കലാപഭൂമിയാക്കി. അത് സെന്റ് തോമസ് അച്ചുകൂടത്തിന്റെയും മലങ്കര ഇടവക പത്രികയുടേയും മരണമണി കൂടിയായിരുന്നു. 1938 മുതൽ ഏതാനും വർഷം *ഓർത്തഡോക്സ് സഭ* എന്ന പ്രതിമാസ പത്രിക പ്രസിദ്ധീകരിച്ചെങ്കിലും സ്വന്തമായി ഒരു അച്ചുകൂടം ഇക്കാലത്തൊന്നും ഉണ്ടായില്ല.

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ 1946-ക്ക് 1122 തുലാം12-ലെ 30-ാം നമ്പർ കല്പനപ്രകാരം സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായി *മലങ്കരസഭ മാസിക* അതേ മാസം പ്രസിദ്ധീകരണം ആരംഭിച്ചു. ഈ മാസികയ്ക്കും മറ്റ് ആച്ചടി ആവശ്യങ്ങൾക്കും അക്കാലത്തൊക്കയും സ്വകാര്യ മുദ്രണാലയങ്ങളെ ആണ് ആശ്രയിച്ചിരുന്നത്. 1965 വരെ ഈ നില തുടർന്നു.

സ്വന്തമായി ഒരു പ്രിന്റിംഗ് പ്രസ് ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ ഒരു നിരന്തര പ്രശ്നമായിരുന്നു. സ്വകാര്യ പ്രസുകളിലെ സാങ്കേതിക തടസങ്ങൾ മൂലം പലപ്രാവശ്യം *മലങ്കരസഭ മാസിക*യുടെ പ്രസിദ്ധീകരണം തടസ്സപ്പെട്ടു. ഈ പ്രതിസന്ധി രൂക്ഷമായതിനെത്തുടർന്നാണ് മലങ്കരസഭയ്ക്ക് സ്വന്തം ഒരു പ്രസ് എന്ന ആവശ്യം ശക്തമായത്. തുടർന്നു നടന്ന സംഭവങ്ങൾ 1965 ഒക്ടോബർ ലക്കം *മലങ്കരസഭ മാസിക*യിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു.

കാതോലിക്കേറ്റ് പ്രസ്സ്

നമുക്കു സ്വന്തമായോ സമുദായം വകയായോ ഒരു പ്രസ്സില്ലാത്തതു മൂലമുണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങളെ പറ്റി ഞങ്ങൾ പറഞ്ഞുവല്ലോ. സ്വന്തം സാധീനതയിൽ പ്രസ്സില്ലാതെ മാസികാപ്രവർത്തനം സുകരമല്ലെന്നു നീണ്ട അനുഭവങ്ങളിലൂടെ മനസ്സിലാക്കിയിരുന്നതിനാൽ ഒരു പ്രസ്സിനു വേണ്ടി ഞങ്ങൾ പരിശ്രമിച്ചുവരികയായിരുന്നു. അതിലേക്ക് "മലങ്കര സഭാ" മാസികയും നിങ്ങൾ സ്നേഹപൂർവ്വം നൽകിക്കൊണ്ടിരിക്കുന്ന വരിസംഖ്യയിൽ നിന്നു വളരെ അരിഷ്ടിച്ചെങ്കിലും ഞങ്ങൾ മിച്ചിച്ചു വരികയായിരുന്നു. അങ്ങനെ മൂവായിരം രൂപാ മിച്ചിക്കുവാൻ സാധിച്ചു. ആ പണം നിങ്ങളുടേതാണ്. ആ മൂവായിരം രൂപയും പരി. കാതോലിക്കാബാവാ തിരുമേനിയിൽ നിന്നു ലഭിച്ച 4001 രൂപയും നമ്മുടെ സഭയിലെ ഊർജ്ജസ്വലനും അഭ്യസ്ഥവിദ്യനുമായ ഒരു പ്രവർത്തകൻ സംഭാവന ചെയ്ത 1000 രൂപയും വേറേ നാലായിരം രൂപായും ഉൾപ്പെടെ പന്തീരായിരത്തിലധികം രൂപാ കൊടുത്ത് ഒരു പ്രസ്സ് വാങ്ങിച്ചിട്ടുണ്ട്. പ്രസ്സ് ദേവലോകം അരമന സ്ഥലത്ത് തന്നെയാണ് സ്ഥാപിക്കുന്നത്. നവംബർ ലക്കം നമ്മുടെ പ്രസ്സിൽ അച്ചടിക്കാൻ സാധിക്കുമെന്ന് ആശിക്കുന്നു.

അക്ഷരത്തിന്റെ മൂല്യമറിയാവുന്ന പ. ഔഗേൻ പ്രഥമൻ കാതോലിക്കായുടെ പ്രോൽസാഹനവും ഉദാര സംഭവനയും മലങ്കരസഭ മാസികയുടെ സ്വപ്നം പൂവണിയിച്ചു. വാർത്തയിൽ സൂചിപ്പിച്ചതുപോലെ 1965 ഒക്ടോബറിൽ *കാതോലിക്കേറ്റ് പ്രസ്*, ദേവലോകം അരമനയിലെ അന്നത്തെ ഭരണകാര്യലയമായ *കന്നുകുഴിയിൽ കെ.കെ. ലൂക്കോസ് സ്മാരക മന്ദിരത്തിൽ* പ്രവർത്തനം ആരംഭിച്ചു. ഇന്നും കാതോലിക്കേറ്റ് പ്രസ്, മലങ്കരസഭ മാസിക, ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ളിക്കേഷൻസ് എന്നിവ ഇതെ മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

ആദ്യം വാങ്ങിയ അച്ചടിയെന്ത്രം അപര്യാപ്തമായതിനാൽ 1998-ൽ HMTയുടെ പുതിയൊരു അച്ചടിയെന്ത്രംകൂടി കാതോലിക്കേറ്റ് പ്രസ് സ്വന്തമാക്കി. അത് സ്ഥാപിക്കുവാൻ പഴയ കെട്ടടത്തോട് ചേർന്നുതന്നെ ഒരു കെട്ടിടവും നിർമ്മിച്ചു. ഈ പ്രസിന്റെ പ്രവർത്തന ശേഷി മന്ദീഭവിച്ചതിനാൽ ഒരു വ്യാഴവട്ടത്തിനു ശേഷം ROYOBI എന്ന വിദേശ നിർമ്മിത ഓഫ്സെറ്റ് പ്രസും കാതോലിക്കേറ്റ് പ്രസിന്റെ ഭാഗമായി.

2025 ഒക്ടോബറിൽ കാതോലിക്കേറ്റ് പ്രസ് ഷഷ്ഠിപൂർത്തി ആഘോഷിക്കുകയാണ്. സഭയുടെ അച്ചടി ആവശ്യങ്ങൾ ദൈനംദിനം വർദ്ധിച്ചു വരികയുമാണ്. അതിനാൽത്തന്നെ ഈ ഷഷ്ഠിപൂർത്തി കേവലം ആഘോഷം മാത്രമാക്കാതെ ക്രിയാത്മകമായ വികസന പ്രവർത്തനങ്ങൾക്കു കൂടി വേദിയാകണം. ആധുനിക സാങ്കേതിക വിദ്യകളെ ഉൾക്കൊണ്ട് കാതോലിക്കേറ്റ് പ്രസിന്റെ കാര്യശേഷി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അക്ഷരം മരിക്കാത്ത കാലത്തോളം മുദ്രണം അനിവാര്യമായി തുടരും എന്നതുതന്നെ കാരണം.



പ്രകാശധാര സ്കൂൾ രജത ജൂബിലി സമാപന സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. ഡോ. ഏബ്രഹാം മാർ സെറാഫിം അദ്ധ്യക്ഷത വഹിച്ചു. സ്കൂളിന്റെ സ്ഥാപക പ്രവർത്തകരെയും ജൂബിലി കൺവീനർമാരെയും കാതോലിക്കാ ബാവ ആദരിച്ചു.



We are delighted to announce that the St. Thomas Mission Bhilai of the Malankara Orthodox Church has successfully concluded the final round of discussions to officially take over the renowned Centre of Daya Bai located in Harrai, Chhindwara District of Madhya Pradesh.

The Bhilai Mission intends to transform this centre into the Daya Bai Centre for Tribal Culture Studies. The vision of this initiative is to preserve and promote the indigenous culture of the tribal communities in and around the region, celebrating their agricultural practices, traditions, lifestyle, cuisine, attire and other cultural expressions.

These rich traditions form a vital part of our collective heritage. By protecting and promoting them, we contribute not only to cultural continuity but also to sustainable community development.

We are grateful for this significant opportunity to build upon the legacy of Daya Bai. The Bhilai Mission is committed to taking all necessary steps to develop the centre into a vibrant hub of cultural learning, ensuring that the tribal heritage of the region is preserved, respected and celebrated for generations to come.

- Alexios Mar Eusebios
Metropolitan, Calcutta Diocese



ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ മിഷൻ

കുടിയേറ്റ ജനത അതിജീവന പോരാട്ടങ്ങളിൽ നേരിട്ട കടുത്ത പ്രതിസന്ധികളിലൊന്ന് ആരോഗ്യപ്രശ്നങ്ങളാണ്. സാധാരണക്കാരുടെ ആതുരതകൾക്കും ആകുലതകൾക്കും പരിഹാരമായിട്ടാണ് 1988-ൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടുക്കി മെത്രാസനത്തിന്റെ കീഴിൽ ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ മിഷൻ സൊസൈറ്റി രൂപപ്പെടുത്തി ആശുപത്രി പ്രവർത്തനമാരംഭിച്ചത്. ഇടുക്കി മെത്രാസനത്തിന്റെ പ്രഥമ ഇടയൻ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തയുടെ ദർശനവും പ്രയത്നവുമാണ് ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ മിഷൻ.

നാല്പതോളം വർഷങ്ങൾക്ക് പിന്നിൽ ഇടുക്കിയിലെ സഭാവിശ്വാസികളിൽ നൂറിലേറേപ്പേർ 250 രൂപാ വീതം മൂലധനം നല്കി മാർ ബർണബാസ് തിരുമേനിയോടൊപ്പം നിന്നാണ് മഹത്തായ ഈ സ്വപ്നം സാക്ഷാത്ക്കരിച്ചത്.

ഉയർച്ചതാഴ്ചകളുടെ ഒരു തലമുറക്കാലം പിന്നിട്ട് 2025 ൽ എത്തുമ്പോൾ മലയോര കർഷകരുടെ ആരോഗ്യ സംരക്ഷണം വർത്തമാനകാല സൗകര്യങ്ങളോടെ പരിരക്ഷിക്കണമെന്ന നവസ്വപ്നത്തിന്റെ ചിറകിലേറിയാണ് ആശുപത്രി വികസനം എന്ന പുതിയ ദൗത്യത്തിലേക്ക് നാം പ്രവേശിച്ചത്. ആയതിന്റെ പ്രാരംഭ പ്രവർത്തനമായി മെഡിക്കൽ മിഷൻ സൊസൈറ്റിയുടെ പൊതുയോഗം 17 വർഷങ്ങൾക്ക് ശേഷം ചേർന്നു. അവശ്യമായ ഭരണഘടനാ ഭേദഗതികൾ വരുത്തി. സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കി. തുടർന്ന് പുതിയ അംഗങ്ങളെ ചേർത്ത് സൊസൈറ്റി വിപുലീകരിക്കുന്നതിനും വികസനമൂലധന സമാഹരണത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ചു. ഇടുക്കിയിലെ മനുഷ്യരുടെ സന്മനസ്സിലർപ്പിച്ച ധൈര്യം തെറ്റിപ്പോയില്ല. ഒരു ലക്ഷം രൂപാ സൊസൈറ്റി അംഗത്വ ഫീസ് നല്കി 37 പേർ വികസന പ്രവർത്തനത്തിൽ ഇടുക്കിയിൽ നിന്നും ഇതുവരെ പങ്കാളികളായി എന്നത് ഈ ചെറിയ മെത്രാസനത്തിലെ വലിയ മനസ്സുകളുടെ ദൃഷ്ടാന്തമാണ്. അത് ഇനിയും തുടരുമെന്നുറപ്പാണ്.

ആദ്യഘട്ട പൂർത്തീകരണത്തിന്ഏകദേശം ഒന്നര കോടി രൂപയോളമാണ് ബഡ്ജറ്റ്.

ദൈവകരുണയാൽ തടസ്സങ്ങളില്ലാതെ പണികൾ പുരോഗമിക്കുന്നു.

പ്രാരംഭ തലത്തിൽ ഡയാലിസിസ് യൂണിറ്റ്, മിനി ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി, കൂടുതൽ പരിശോധനാ മുറികൾ, വാർഡുകൾ എന്നിവയുടെ നിർമ്മാണ / നവീകരണ പ്രവർത്തനങ്ങൾക്കാണ് തുടക്കമിട്ടിരിക്കുന്നത്.

ഇക്കഴിഞ്ഞ സഭാ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പ. കാതോലിക്കാ ബാവാ തിരുമേനി അറിയിച്ചതുപോലെ ഇടുക്കി മെഡിക്കൽ മിഷൻ പ്രവർത്തനത്തിൽ പരുമല ആശുപത്രിയുടെ സഹകരണം ഉണ്ടാകുന്ന പക്ഷം ഈ നാടിന് അത് എത്രമേൽ അനുഗ്രഹദായകവുമാണ്.

അടുത്ത സാമ്പത്തിക വർഷാരംഭത്തിലേക്ക് ആശുപത്രി പ്രവർത്തന സജ്ജമാകണം.

ദൈവ നടത്തിപ്പിനായി പ്രാർത്ഥിക്കണം.

ഞങ്ങളോട് ഒപ്പമുണ്ടാകണം..

- സഖറിയാ മാർ സേവേറിയോസ്

BANK DETAILS*

Account Name: Idukki Orthodox Medical Mission
Account No: 10730200005643
IFSC: FDRL0001073
Bank: The Federal Bank, Puttadi Branch

** Except Foreign Contributions*

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

പെനിന്നാ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

വിശ്വാസം, കുടുംബ പോരാട്ടങ്ങൾ, മാനുഷിക ബലഹീനതകൾ എന്നിവയെക്കുറിച്ച് പഠിപ്പിക്കുന്ന നിരവധി സ്ത്രീകളെ പഴയനിയമം നമുക്ക് പരിചയപ്പെടുത്തുന്നു. 1 ശമുവേൽ 1:27-ൽ പരാമർശിച്ചിരിക്കുന്ന എൽക്കാനയുടെ രണ്ടാമത്തെ ഭാര്യയായ പെനിന്നായും അവരിൽ ഉൾപ്പെടുന്നു. പ്രധാന കഥാപാത്രമല്ലെങ്കിലും, എൽക്കാനയുടെ ആദ്യ ഭാര്യയും പിന്നീട് പ്രവാചകനായ ശമുവേലിന്റെ അമ്മയുമായി മാറിയ ഹന്നയുടെ ജീവിതത്തിൽ പെനിന്നായുടെ പ്രവൃത്തികളും വാക്കുകളും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.

ബൈബിളിൽ പരാമർശിച്ചിട്ടുള്ള ഓരോരുത്തരും നല്ലതോ ചീത്തയോ ആകട്ടെ, ആളുകൾ ദൈവവുമായും പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച് നമ്മെ എന്തെങ്കിലും പഠിപ്പിക്കുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണ് പെനിന്നായുടെ ജീവിതം.

1. മക്കളാൽ അനുഗ്രഹിക്കപ്പെട്ട സ്ത്രീ

ഹന്നയ്ക്ക് കുട്ടികളുണ്ടായിരുന്നില്ല എന്ന് ബൈബിൾ പറയുന്നു (1 ശമുവേൽ 1:2). പുരാതന ഇസ്രായേലിന്റെ സംസ്കാരത്തിൽ, കുട്ടികൾ - പ്രത്യേകിച്ച് ആൺമക്കൾ ഉണ്ടാകുന്നത് ഒരു വലിയ അനുഗ്രഹമായും ബഹുമാനത്തിന്റെ അടയാളമായും കണക്കാക്കപ്പെട്ടിരുന്നു. കുട്ടികളെ പ്രസവിക്കുന്ന ഒരു സ്ത്രീയെ സന്താനപുഷ്ടിയുള്ളവളായി കണക്കാക്കി, അതേസമയം വന്ധ്യയായ ഒരു സ്ത്രീക്ക് പലപ്പോഴും ലജ്ജയും സങ്കടവും തോന്നി.

കുട്ടികളെ പ്രസവിക്കാനുള്ള പെനിന്നായുടെ കഴിവ് ദൈവത്തിൽ നിന്നുള്ള ഒരു സ്വാഭാവിക അനുഗ്രഹമായിരുന്നു. ഹന്നാ വളരെയധികം ആഗ്രഹിച്ച ഒന്ന് പെനിന്നായ്ക്കുണ്ടായിരുന്നു. എന്നിരുന്നാലും, ഈ അനുഗ്രഹം താഴ്മയോടെയും നന്ദിയോടെയും ഉപയോഗിക്കുന്നതിനുപകരം, പെനിന്നാ ഹന്നയെ വേദനിപ്പിക്കാൻ അത് ഉപയോഗിച്ചു. ചിലപ്പോൾ ആളുകൾ അവരുടെ അനുഗ്രഹങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന് ഇത് നമ്മെ കാണിക്കുന്നു. നന്ദിയുള്ളവളും സൗമ്യയും ആയിരിക്കുന്നതിനുപകരം, പെനിന്നാ തന്റെ അനുഗ്രഹത്തെ ഒരു ആയുധമാക്കി മാറ്റി.

അതിനാൽ, പെനിന്നായുടെ സ്വഭാവത്തിന്റെ പോരായ്മകളിൽ ഒന്ന്, അവൾക്ക് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു, പക്ഷേ അവ ദുരുപയോഗം ചെയ്തു എന്നതാണ്. അനുഗ്രഹങ്ങൾ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഉപയോഗിക്കേണ്ടതെന്ന് അവളുടെ ഈ പ്രവൃത്തി നമ്മെ ഓർമ്മിപ്പിക്കുന്നു, പ്രശംസിക്കാനോ വേദനിപ്പിക്കാനോ അല്ല.

2. ഹന്നായുടെ എതിരാളി

ബൈബിൾ പെനിന്നായെ ഹന്നായുടെ 'പ്രതിയോഗി' എന്ന് വിശേഷിപ്പിക്കുന്നു (1 ശമുവേൽ 1:6). ഇതിനർത്ഥം അവൾ എൽക്കാനയുടെ വീട്ടിലെ മറ്റൊരു ഭാര്യയല്ല, മറിച്ച് സംഘർഷം സൃഷ്ടിച്ച ഒരാളായിരുന്നു എന്നാണ്. ഹന്നായുമായി സമാധാനപരമായി ജീവിക്കുന്നതിനുപകരം, പെനിന്നാ നിരന്തരം അവളോട് എതിർപ്പ് പ്രകടിപ്പിച്ചു.

ഒരു പ്രതിയോഗി എന്നതിനർത്ഥം അവൾ ഹന്നയെ ഒരു സഹോദരിയോ കൂട്ടുകാരിയോ ആയിട്ടല്ല, മറിച്ച് ഒരു മത്സരിയായി കണ്ടു എന്നാണ്. അവൾ ഹന്നയുമായി തന്നെ താരതമ്യം ചെയ്യുകയും തന്നെത്തന്നെ ഉന്നതയായി കാണിക്കാൻ ശ്രമിക്കുകയും ചെയ്തു. അവളുടെ മത്സരം ആവശ്യകതയിൽ നിന്നല്ല ജനിച്ചത് - എല്ലാത്തിനുമുപരി, അവൾക്ക് ഇതിനകം കുട്ടികളുണ്ടായിരുന്നു - മറിച്ച് എൽക്കാനാ ഹന്നയോട് കാണിച്ച പ്രത്യേക സ്നേഹത്തെക്കുറിച്ചുള്ള അസൂയയും വിദ്വേഷവും കൊണ്ടാണ് (1 ശമുവേൽ 1:5).



ഇത് നമ്മെ പഠിപ്പിക്കുന്നത്, ആളുകൾ സ്വന്തം ഓഹരിയെ വിലമതിക്കുന്നതിനു പകരം മറ്റുള്ളവർക്ക് ലഭിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴാണ് പലപ്പോഴും മത്സരം ഉണ്ടാകുന്നത് എന്നാണ്. പെനിന്നായ്ക്ക് കുട്ടികളുണ്ടായിരുന്നു, എന്നിട്ടും എൽക്കാനയുടെ ഹൃദയത്തിൽ ഹന്നയ്ക്ക് ലഭിച്ച ഇഷ്ടസ്ഥാനത്തെക്കുറിച്ച് അവൾ അസൂയപ്പെട്ടു. ഇത് അസൂയയുടെയും മത്സരശേഷിയുടെയും ഒരു സ്വഭാവം കാണിക്കുന്നു, ഇത് അവളെ ഹന്നയോട് കഠിനമായി പെരുമാറാൻ പ്രേരിപ്പിച്ചു.

3. പ്രകോപനകാരി

പെനിന്നായുടെ ഏറ്റവും വ്യക്തമായ സ്വഭാവങ്ങളിലൊന്ന് അവൾ ഹന്നയെ പ്രകോപിപ്പിച്ചു എന്നതാണ്. പെനിന്നാ "യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ അവളെ വ്യസനിപ്പിക്കാൻ വേണ്ടി അവൾ അവളെ വേദനിപ്പിച്ചു" എന്ന് ബൈബിൾ പറയുന്നു (1 ശമൂവേൽ 1:6). ഇതിനർത്ഥം പെനിന്നാ ഹന്നയുടെ വേദന ചൂണ്ടിക്കാണിക്കുകയും അവൾക്ക് എന്താണ് കുറവുള്ളതെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു എന്നാണ്.

ആരെയെങ്കിലും പ്രകോപിപ്പിക്കുന്നത് മനഃപൂർവ്വം വൈകാരിക വേദന ഉണ്ടാക്കുക എന്നതാണ്. പെനിന്നായുടെ വാക്കുകളും പ്രവൃത്തികളും ആകസ്മികമായിരുന്നില്ല; അവ ഉദ്ദേശ്യപൂർവ്വമായിരുന്നു. ഹന്നയുടെ വന്ധ്യത അവളുടെ ഏറ്റവും വലിയ ദുഃഖമാണെന്ന് അവൾക്കറിയാമായിരുന്നു, എന്നിട്ടും അവളെ പരിഹസിക്കാൻ അവൾ അത് ഉപയോഗിച്ചു.

ഈ സ്വഭാവം പെനിന്നായുടെ ക്രൂരതയും മനുഷ്യത്വമില്ലായ്മയും കാണിക്കുന്നു. ഹന്നയെ അവളുടെ സങ്കടത്തിൽ ആശ്വസിപ്പിക്കുന്നതിനുപകരം,

അവളെ കൂടുതൽ വേദനിപ്പിച്ചു. ഒരു വ്യക്തിയുടെ ഏറ്റവും വലിയ ബലഹീനതയെ സ്പർശിക്കുന്ന ദയയില്ലാത്ത വാക്കുകൾക്ക് എത്രത്തോളം ആഴത്തിൽ മുറിവേൽപ്പിക്കാൻ കഴിയുമെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

4. സമാനുഭാവമില്ലാത്ത വ്യക്തി

പെനിന്നായുടെ മറ്റൊരു വ്യക്തമായ സ്വഭാവം അവളുടെ സമാനുഭാവത്തിന്റെ അഭാവമാണ്. സമാനുഭാവം എന്നാൽ മറ്റൊരാളുടെ വേദന അനുഭവിക്കാനോ സങ്കൽപ്പിക്കാനോ കഴിയുന്നതാണ്. ഹന്നാ കുട്ടികളെ എത്രമാത്രം കൊതിക്കുന്നുവെന്ന് പെനിന്നായ്ക്ക് നന്നായി അറിയാമായിരുന്നു, പക്ഷേ സഹതപിക്കുന്നതിനു പകരം അവൾ ഹന്നായെ പരിഹസിച്ചു.

അവളുടെ പ്രവൃത്തികൾ ഹൃദയത്തിന്റെ കാഠിന്യത്തെ വെളിപ്പെടുത്തുന്നു. ഹന്നായുടെ കണ്ണുനീരോ പ്രാർത്ഥനകളോ അവൾ കാര്യമാക്കിയില്ല. പെനിന്നാ അവൾക്കുണ്ടായ വേദന നിമിത്തം ഹന്നാ കരഞ്ഞു ഭക്ഷണം കഴിച്ചില്ല എന്ന് ബൈബിൾ പറയുന്നു (1 ശമുവേൽ 1:7). എന്നിട്ടും പെനിന്നാ തന്റെ ക്രൂരത അവസാനിപ്പിച്ചില്ല.

ഒരാൾ അഹങ്കാരിയോ അസൂയയുള്ളവനോ ആയിത്തീരുമ്പോൾ, മറ്റുള്ളവർക്ക് എന്ത് തോന്നുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് അയാൾ നിർത്തുന്നു. അഹങ്കാരവും അസൂയയും ഒരാളെ മറ്റൊരാളുടെ വേദനയ്ക്ക് മുന്നിൽ അന്ധനാക്കുകയും, ദയയോ കരുണയോ ഇല്ലാതെ പെരുമാറാൻ പ്രേരിപ്പിക്കുകയും ചെയ്യും. അഹങ്കാരവും അസൂയയും ഹൃദയത്തെ കഠിനമാക്കുകയും, അറിയാതെ തന്നെ മറ്റുള്ളവരെ വേദനിപ്പിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുമെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

5. സുരക്ഷിതത്വമില്ലാത്ത സ്ത്രീ

പെനിന്നായ്ക്ക് കുട്ടികളുണ്ടായിരുന്നിട്ടും, അവൾ ഇപ്പോഴും സുരക്ഷിതത്വമില്ലാത്തവളായി തോന്നി. സ്വന്തം അനുഗ്രഹങ്ങളിൽ അവൾ തൃപ്തയാണെങ്കിൽ ഹന്നായെ പ്രകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത അവൾക്ക് തോന്നുന്നത് എന്തുകൊണ്ട്? എൽക്കാനാ അവളെക്കാൾ ഹന്നായെ സ്നേഹിച്ചു എന്ന വസ്തുതയിൽ ഉത്തരം കണ്ടെത്താനാകും (1 ശമുവേൽ 1:5).

ഭർത്താവുമായുള്ള ബന്ധത്തിൽ പെനിന്നയ്ക്ക് അരക്ഷിതാവസ്ഥ തോന്നിയിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഹന്നയെ പരിഹസിക്കുന്നത് വഴി താൻ ഉന്നതയാണെന്ന് തോന്നിപ്പിക്കാൻ കഴിയുമെന്ന് അവൾ കരുതിയിരിക്കാം. എന്നാൽ അരക്ഷിതാവസ്ഥ പലപ്പോഴും ആളുകളെ മറ്റുള്ളവരെ വേദനിപ്പിക്കാൻ ഇടയാക്കും. പെനിന്നയുടെ അരക്ഷിതാവസ്ഥ അവളെ കോപാകുലയാക്കി, അവൾ തന്റെ വാക്കുകൾ ഹന്നയ്ക്കെതിരെ ആയുധമാക്കി.

താഴ്മയോടെയും ദൈവത്തിലുള്ള വിശ്വാസത്തോടെയും കൈകാര്യം ചെയ്തില്ലെങ്കിൽ അരക്ഷിതാവസ്ഥ ഒരു വ്യക്തിയെ ക്രൂരനാക്കുമെന്ന് ഈ സ്വഭാവം നമ്മെ കാണിക്കുന്നു. അസൂയയും അരക്ഷിതാവസ്ഥയും നമ്മുടെ പ്രവൃത്തികളെ ഭരിക്കാൻ അനുവദിക്കുന്നതിന്റെ അപകടത്തെക്കുറിച്ച് പെനിന്നാ നമ്മെ പഠിപ്പിക്കുന്നു.

6. മനുഷ്യ ബലഹീനതയുടെ ഓർമ്മപ്പെടുത്തൽ

പെനിന്നായെ പലപ്പോഴും നെഗറ്റീവ് വെളിച്ചത്തിലാണ് കാണുന്നതെങ്കിലും, അവളുടെ സ്വഭാവം മനുഷ്യപ്രകൃതിയുടെ പോരാട്ടങ്ങൾ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. പലപ്പോഴും, ആളുകൾ അത് തിരിച്ചറിയാതെ പെനിന്നായെ പോലെ പെരുമാറുന്നു – മറ്റുള്ളവരെ ചെറുതാക്കാൻ അവരുടെ അനുഗ്രഹങ്ങൾ ഉപയോഗിക്കുന്നു, സമാധാനത്തിൽ ജീവിക്കുന്നതിനുപകരം മറ്റുള്ളവരുമായി മത്സരിക്കുന്നു, അല്ലെങ്കിൽ അരക്ഷിതാവസ്ഥ അവരുടെ പെരുമാറ്റത്തെ നയിക്കാൻ അനുവദിക്കുന്നു.

ഈ രീതിയിൽ, പെനിന്നാ ഒരു കണ്ണാടിയായി പ്രവർത്തിക്കുന്നു. നാമും നമ്മുടെ സ്വന്തം ഹൃദയങ്ങൾ പരിശോധിക്കണമെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ വാക്കുകളിൽ നാം ദയയുള്ളവരാണോ? നാം മറ്റുള്ളവരെ കെട്ടിപ്പടുക്കുന്നവരാണോ, അതോ അവരെ തകർത്തു കളയുകയാണോ? നമ്മുടെ അനുഗ്രഹങ്ങളെ നാം താഴ്മയോടെ ഉപയോഗിക്കുന്നുണ്ടോ, അതോ അതിൽ അഹങ്കരിക്കുകയാണോ?

മനുഷ്യ ബലഹീനത ദൈവത്തിന് കീഴടങ്ങാത്തപ്പോൾ എന്ത് സംഭവിക്കുമെന്ന് അവളുടെ ജീവിതം നമുക്ക് മുന്നറിയിപ്പ് നൽകുന്നു. ദയയ്ക്കായി ഓർമ്മിക്കപ്പെടുന്നതിനുപകരം, ദുഃഖം ഉണ്ടാക്കിയതിന്റെ പേരിലാണ് പെനിന്നാ ഓർമ്മിക്കപ്പെടുന്നത്.

ശമുവേലിന്റെ ജനനത്തിലെ കേന്ദ്രകഥാപാത്രം പെനിന്നാ ആയിരിക്കില്ല, പക്ഷേ അവളുടെ സ്വഭാവം ശക്തമായ ഒരു മുദ്ര പതിപ്പിക്കുന്നു. കുട്ടികളാൽ അനുഗ്രഹിക്കപ്പെട്ട ഒരു സ്ത്രീയായിരുന്നു അവൾ, എന്നിട്ടും അസൂയ, അരക്ഷിതാവസ്ഥ, അഹങ്കാരം എന്നിവ അവളുടെ പ്രവൃത്തികളെ രൂപപ്പെടുത്താൻ അവൾ അനുവദിച്ചു. ദയ കാണിക്കുന്നതിനു പകരം, അവൾ ഹന്നയെ പ്രകോപിപ്പിക്കുകയും അവൾക്ക് ആഴമായ വേദന ഉണ്ടാക്കുകയും ചെയ്തു.

നമ്മുടെ വാക്കുകളിൽ ശ്രദ്ധാലുവായിരിക്കാനും, മറ്റുള്ളവരെ വില മതിക്കാനും, നമ്മുടെ അനുഗ്രഹങ്ങൾ താഴ്മയോടെ ഉപയോഗിക്കാനും പെനിന്നായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പെനിന്നാ അവളുടെ ക്രൂരതയ്ക്ക് ഓർമ്മിക്കപ്പെടുന്നുണ്ടെങ്കിലും അവളുടെ ജീവിതം ഇപ്പോഴും മികച്ച തിരഞ്ഞെടുപ്പുകളിലേക്ക് നമ്മെ നയിക്കും. അവളുടെ തെറ്റുകൾ ഒഴിവാക്കുന്നതിലൂടെ, നമുക്ക് അനുകമ്പയിലും വിനയത്തിലും സ്നേഹത്തിലും വളരാൻ കഴിയും.

അസൂയ അല്ലെങ്കിൽ ദയയില്ലായ്മ പോലുള്ള മനുഷ്യ ബലഹീനതകൾ മറ്റുള്ളവരെ വേദനിപ്പിക്കുമെന്ന് പെനിന്നയുടെ പ്രവൃത്തികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ആളുകൾ ക്രൂരരായിരിക്കുമ്പോൾ പോലും, ദൈവത്തിന്റെ ദയയും കരുണയും ശക്തമാണ്. ഹന്നയുടെ ഉത്തരം ലഭിച്ച പ്രാർത്ഥന, ദൈവത്തിന് കഷ്ടപ്പാടുകളെ അനുഗ്രഹമാക്കി മാറ്റാൻ കഴിയുമെന്നും അവന്റെ കൃപ ആളുകളുടെ വേദനാജനകമായ പെരുമാറ്റത്തേക്കാൾ ശക്തമാണെന്നും കാണിക്കുന്നു.

❑



കൽക്കട്ട ഭദ്രാസനത്തിന്റെയും ഭിലായ് മിഷന്റെയും കീഴിൽ പ്രവർത്തിക്കുന്ന പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിന്റെ 12–ാമത് വാർഷിക സമ്മേളനം അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. റെജി മാത്യു മുഖ്യപ്രഭാഷണം നടത്തി. ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. ജീൻ ആൻഡ്രൂസ്, വി. സി. നൈനാൻ, ശാലിനി തോമസ്, റെനി അന്ന ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.



ഗീവർഗീസ് മാർ പീലക്സീനോസ് ബഹറിൻ ഇന്ത്യൻ എംബസി സന്ദർശിച്ചു അംബാസിഡർ വിനോദ് കെ. ജേക്കബുമായി ചർച്ച നടത്തി.

വചനതീർത്ഥം

സ്ലീബായ്ക്കുശേഷം അഞ്ചാം ഞായർ

(വി. മത്തായി 23:1–12)

ഫാ. മോൻസി ഫിലിപ്പ്



കർത്താവിന്റെ അവസാനത്തെ പരസ്യപ്രസംഗമാണ് 23-ാം അദ്ധ്യായം. ഇതിൽ മുഴുവൻ യഹൂദന്മാരുടെ പ്രത്യേകിച്ചും പരീശന്മാരുടെ ദ്രവ്യാഗ്രഹത്തേയും കപടഭക്തിയേയും കുറിച്ചുള്ള പരാമർശനമാണ് നിറഞ്ഞു നിൽക്കുന്നത്. അദ്ധ്യായത്തിന്റെ ആദ്യഭാഗം ഇന്നത്തെ ചിന്താവിഷയമായ പരീശന്മാരുടെയും വേദപണ്ഡിതന്മാരുടേയും ജീവിതശൈലി മാതൃകയാക്കരുത് എന്ന ഉപദേശം (1-12), തുടർന്ന് അവർക്കെതിരെ ഏഴ് ഭത്സനങ്ങൾ (വാക്യം 13-36), അവസാനഭാഗം യറുശലേമിനെക്കുറിച്ചുള്ള വിലാപം (വാക്യം 37-39). യേശു തമ്പുരാൻ പുരുഷാരത്തോടും, ശിഷ്യന്മാരോടുമായി ഉപദേശിക്കുന്നു. ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. അവൻ പറയുന്നത് ചെയ്യുവിൻ അവരുടെ പ്രവൃത്തി അനുകരിക്കരുത്. കാരണം അവർ പറയുക മാത്രമേയുള്ളു പ്രവൃത്തിയില്ല. അവൻ മനുഷ്യരുടെ പ്രീതിയും പ്രശംസയും പിടിച്ചുപറ്റുന്നതിനു മാത്രം ശ്രദ്ധകൊടുക്കുന്നു. നിങ്ങൾ എല്ലാവരും സഹോദരന്മാർ, ഭൂമിയിൽ ആരേയും പിതാവ് എന്നു വിളിക്കരുത്. ദൈവം ആണ്



യഥാർത്ഥ ഗുരുവും പിതാവും നിങ്ങൾ ശുശ്രൂഷകനാകണം. തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെട്ടും. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപപ്പെടും. ഇതാണ് വേദഭാഗസാരം.

വേദഭാഗ ചിന്തകൾ

(1) മോശയുടെ പീഠത്തിൽ ഇരിക്കുന്നു – അധികാരത്തിന്റെ ബഹുമാനവും പരിധിയും

വി. മത്തായി 23:1–2

"ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു."

"മോശയുടെ പീഠം". പദാർത്ഥമായല്ല മറിച്ച് പിൻതുടർച്ചയായിരുന്നു. ശാസ്ത്രിമാർ പഠിപ്പിക്കാനുള്ള അവകാശം കൈവെപ്പുമൂലമാണ് നേടിയിരുന്നത്. "ആദ്യാചാരിത്വം കൈക്കൊണ്ടഹറോൻ മൂശയോടൊന്നിച്ച്...." എന്ന് നമ്മൾ പാടുന്നതുപോലെ യഹൂദന്മാർ പറഞ്ഞിരുന്നു. "മോശ ന്യായപ്രമാണം കൈകൊണ്ടു, അത് യോശുവായ്ക്ക് കൈമാറി. യോശുവാ മൂപ്പന്മാരേയും അവർ പ്രവാചകന്മാരേയും അവർ വലിയ സിനഗോഗിനേയും ഏല്പിച്ചു. അപ്പോൾ അധ്യാപന പദവിയുടെ ഇടമുറിയാത്ത പിൻഗാമിത്തം മോശയിൽ നിന്ന് യോശുവായ്ക്കും, യോശുവായിൽ നിന്ന് പ്രവാചകന്മാർക്കും അവരിൽ നിന്നും ശാസ്ത്രിമാർക്കും പരീശന്മാർക്കും ലഭിച്ചു. ഒരു റാബിയുടെ പിൻഗാമിയായി വരുന്നയാൾ മുൻ റാബിയുടെ സിംഹാസനത്തിൽ ഇരുന്നെഴുതുക പതിവായിരുന്നു. അങ്ങനെ സിനഗോഗിൽ ഉപദേഷ്ടാവ് ഇരുന്ന് പഠിപ്പിക്കുന്ന കസേരയ്ക്ക് "മോശയുടെ പീഠം" എന്നു വിളിക്കുന്നു. പരീശന്മാരും ശാസ്ത്രിമാരും ന്യായപ്രമാണം ഉപദേശിച്ചുവെങ്കിലും അതിനനുസരണമായി ജീവിച്ചില്ല.

ഇവിടെ യേശുതമ്പുരാൻ അവരുടെ സ്ഥാനം നിരസിക്കുന്നില്ല. നിരസിക്കണം എന്നു പഠിപ്പിക്കുന്നതുമില്ല. പക്ഷേ അധികാരത്തിന്റെ ദുരുപയോഗം ആക്ഷേപിച്ചു. അവരുടെ പ്രവൃത്തി പിൻതുടരരുതെന്ന് പഠിപ്പിച്ചു. ഇതിൽ നിന്ന് നമുക്കുള്ള പാഠം ആത്മീയ ജീവിതത്തിൽ, അധ്യാപനത്തേയും പ്രമാണത്തെയും ബഹുമാനിക്കുന്നവരാകണം. എന്നാൽ "അനുകരണങ്ങളിൽ വഞ്ചിതരാകരുത്" എന്ന് പറയുന്നപോലെ ചിലത് നമ്മേ താഴ്ച്ചയിലേക്ക് തള്ളിയിടും എന്ന ബോധ്യം ഉണ്ടാകണം.

"ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ അധികാരമില്ലല്ലോ. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു" റോമർ 13:1

ചിലത് നമ്മേ ഭരമേൽപിച്ചിരിക്കുന്നത് അധികാരം കാണിക്കുവാനല്ല. മറിച്ച് അപരനു താങ്ങാകുവാൻ വേണ്ടി എന്ന ബോധ്യം ജനിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. "ഉണർവ്വ്" അനിവാര്യമാണ്. അത് സുബോധമായി പരിണമിക്കണം. നാം മനസ്സിലാക്കേണ്ടുന്നത്

(a) അധികാരത്തിന്റെ ബഹുമാനം – ദൈവം നിയോഗിച്ച അധികാരം

"പീഠം ബഹുമാനിക്കേണ്ടത് അതിൽ ഇരിക്കുന്നവന്റെ പേരിൽ അല്ല, ദൈവത്തിന്റെ നിയമം അതിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിനാൽ ആണ്?

St. John Chrysostom (Homiless of Mathew, Homily 72)

(b) അധികാരത്തിന്റെ പരിധി – സേവനത്തിനുള്ള അധികാരം.

"ആധിപത്യം എന്നത് മറ്റുള്ളവരെ കീഴടക്കാനുള്ളതല്ല, അവരെ ആത്മീയമായി ഉയർത്താനുള്ളതാണ്. – St. Gregory the Great (Pastoral Rule)

"അധികാരത്തിന്റെ പീഠം, വിനയത്തോടെ ഇരിക്കുന്നവർക്കാണ് അനുഗ്രഹമാകുന്നത്, അഭിമാനത്തോടെ ഇരിക്കുന്നവർത്തോ വിധി." – St. Augustin (sermon 101).

"അവർ പറയുകയും ചെയ്യാതിരിക്കുകയും ചെയ്യുന്നു" – വിശ്വാസത്തിന്റെ വിമുഖത.

വി. മത്തായി 23: 3–7

യേശു പഠിപ്പിക്കുന്നു പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ഉപദേശം പ്രമാണിച്ചു ചെയ്യുവിൻ, എന്നാൽ അവരുടെ പ്രവൃത്തി പിൻതുടരരുത്. ഇത് ഒരു "warning" ആണ്. കാരണം ഒരു വിശ്വാസിക്ക് ഒരു മുഖം മാത്രമേ ഉണ്ടാകാവൂ.

പുറമേയും അകമേയും. ദൈവം നോക്കുമ്പോൾ ശരിയായ കാണണം. അത് പ്രവൃത്തിയിലും ജീവിതത്തിലും. യേശുതമ്പുരാൻ ഇവിടെ പറഞ്ഞ വാക്കുകൾ കപടഭക്തിയുടെ യാഥാർത്ഥ്യം തുറന്നു കാണിക്കുന്നു. പരീശന്മാർ വചനങ്ങൾ പഠിപ്പിച്ചെങ്കിലും ജീവിതത്തിൽ അതിനെ നടപ്പാക്കുന്നില്ല.

"അനുതപിപ്പാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഞങ്ങളുടെ അഹങ്കാരം മനസ്സ് ഞങ്ങളെ സമ്മതിക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നു. തന്നെത്താൻ പഠിക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരുടെ ദാഹം തീർത്തു എങ്കിലും ഞങ്ങൾ ദാഹത്തിൽ തന്നെ ഇരിക്കുന്നു" (നിത്യപ്രാർത്ഥനയിൽ – മൂന്നാംമണി നമസ്കാരം കോലോയിൽ)

എന്നാൽ പരീശന്മാർ മനുഷ്യർക്ക് വിളങ്ങേണ്ടതിനായി അവരുടെ പ്രവൃത്തികൾ ചെയ്യുന്നു. "കപടതയുടെ വേരുകൾ" അവരുടെ ജീവിതങ്ങളിൽ വേരൂന്നി വളരുന്നു. അവർ പ്രാർത്ഥിക്കുന്നു, ഉപവസിക്കുന്നു, ദാനം നൽകുന്നു – ദൈവത്തെ സന്തോഷിപ്പിക്കാനല്ല. മനുഷ്യനാൽ പുകഴ്ച ലഭിക്കുവാൻ വേണ്ടി നമ്മുടെ ഇടയിലും ഇത്തരക്കാർ ഒളിഞ്ഞും തെളിഞ്ഞും ഉണ്ട്. ഓർക്കണം ദൈവം ആഗ്രഹിക്കുന്നത് കപടതയല്ല, 'നേരേ വാ നേരേ പോ' എന്ന ഒരു ചൊല്ലുണ്ടല്ലോ.

സത്യം പറഞ്ഞാൽ തല പോകുമായിരിക്കാം പോകട്ടെ അതു സത്യം പറഞ്ഞതിനാൽ അല്ലേ. ഇന്ന് വിമർശിക്കപ്പെട്ടേക്കാം എന്നാൽ നാളെ ഓർക്കപ്പെടുക തന്നെ ചെയ്യും. അതിനാൽ കപടത ഒഴിവാക്കി സത്യം മുറുകെ പിടിക്കണം.

"മനുഷ്യരുടെ കണ്ണിൽ നല്ലവനായി തോന്നുവാൻ ദൈവത്തോട് കപടമായി നിൽക്കുന്നവൻ, ദൈവരാജ്യത്തിൽ നിന്ന് അകന്നു നിൽക്കുന്നു." – St. Augustin (sermon - 39).

പരീശന്മാർ ശ്രദ്ധ പിടിച്ചുപറ്റുവാൻ പ്രത്യേക പരിചരണം ഇഷ്ടപ്പെട്ടിരുന്നു. മുഖ്യാസനങ്ങളും നല്ല ഇരിപ്പിടവും ബഹുമാന്യ പേരുകളും. എല്ലാം ഇഷ്ടപ്പെട്ടിരുന്നു. അകതാരിൽ ഉള്ള ആത്മവെളിച്ചത്തിന്റെ സ്വാഭാവിക ആവിഷ്കാരമായി തീരേണ്ട ജീവിതം ദൈവം ആഗ്രഹിക്കുന്നു. എന്നാൽ അതിനെ അപ്പാടെ ഉപേക്ഷിച്ച് ഉപരിപ്ലവമായ ജീവിത ആവിഷ്കാരം കൊണ്ട് ഇല്ലാത്തതിനെ ഉണ്ടെന്നു കാണിക്കുന്ന മനുഷ്യരെ പറ്റിക്കുന്ന വ്യക്തിത്വങ്ങൾ ഇന്നും സജീവമായി നമ്മുടെ ഇടയിൽ ഉണ്ടെന്ന സത്യം തിരിച്ചറിയണം. അത് എല്ലായിടങ്ങളിലും കർത്താവ് ശാസ്ത്രിമാരേയും പരീശന്മാരേയും കുറ്റപ്പെടുത്തി പറഞ്ഞ അഞ്ച് കാര്യങ്ങൾ ഗോരവമേറിയ പാപങ്ങളാണ്. നാം ഓർക്കണം.

1. അവർ പറയുന്നതേയുള്ളു, അതനുസരിത്ത് പ്രവർത്തിക്കുന്നില്ല.
2. അവരുടെ പേരെടുക്കാനുള്ള ഭക്തിപ്രകടനങ്ങൾ
3. പ്രാമാണ്യ മോഹവും, സ്ഥാനമോഹവും
4. ബഹുമാനകാംക്ഷ
5. സർവ്വപാപങ്ങൾക്കും മാതാവായ നിഗളം.

(3) "നിങ്ങളിൽ ഏറ്റവും വലിയവൻ ദാസനായിരിക്കട്ടെ

ക്രിസ്തീയ മഹത്വത്തിന്റെ മാനദണ്ഡം

വി. മത്തായി 23:11–12

"നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം."

ക്രിസ്തു കാട്ടിയമാതൃകയാണ് ശുശ്രൂഷകൻ ആകണം എന്നത്. ക്രിസ്തുവിന്റെ ജീവിതം മുഴുവൻ ശുശ്രൂഷയുടെ സാരമാണ്. ക്രിസ്തീയ മഹത്വത്തിന്റെ മാനദണ്ഡം സേവനമാണെന്ന് ക്രിസ്തു തത്വം. കപടഭക്തിക്കാരായ പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ചെയ്തികളെ രൂക്ഷമായി വിമർശിച്ച ശേഷം സമാപനമായി കർത്താവ് പറയുന്നത് വളരെ ശ്രദ്ധേയമാണ്. ജീവിതത്തിന്റെ അടിത്തറ ശക്തമാക്കി ആത്മീക ജീവിത സൗധത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നതിന് അനിവാര്യമായ അതുല്യ സവിശേഷസ്വഭാവമാണ് ശുശ്രൂഷയും താഴ്മയും. യേശുതമ്പുരാനിൽ കാണുന്ന ഏറ്റവും വലിയ മഹത്വം ശുശ്രൂഷയും താഴ്മയുമാണ്. കർത്താവ് പറയുന്നു, "ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി എന്റെ ജീവനെ മറുവിലയായി കൊടുക്കാനുമത്രെ വന്നത്." ശുശ്രൂഷയുടെ മഹത്വം തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകികൊണ്ട് കർത്താവ് മാതൃക കാട്ടിതന്നു.

"മറ്റുള്ളവരെ സേവിക്കുമ്പോഴാണ് ദൈവസാദൃശ്യം നമുക്ക് പ്രതിഫലിക്കുന്നത്." – St. Basil the Great (Homily on Homility)

ശുശ്രൂഷയുടെ പാഠങ്ങൾ നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. ആത്മിക തലങ്ങളിൽ സഹോദരബന്ധങ്ങളിൽ, കുടുംബബന്ധങ്ങളിൽ എല്ലാം നല്ല ശുശ്രൂഷകനാകാൻ നമുക്ക് സാധിക്കണം. വിനയം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. വിനയം ദൗർബല്യമല്ല, ദൈവസദൃശ്യതയുടെ അടയാളമാണ്. ദൈവം ഉള്ളിൽ ഉണ്ടെങ്കിൽ മാത്രമേ അപരനോട് സ്നേഹം ഉണ്ടാകയുള്ളു.

"Homility is the gem casked of all the virthes" - മാർ ബസേലിയോസ്.

താഴ്മ ജീവിതത്തിൽ നമ്മേ ശ്രേഷ്ഠരാക്കും അതല്ലേ ക്രിസ്തു പറയുന്നത്.

"തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും."

നാം തന്റെ അഭിമാനത്തിൽ ഉയരാൻ ശ്രമിക്കുമ്പോൾ ദൈവം നമ്മേ താഴ്ത്തും. ഇത് ഓർമ്മയിൽ ഉണ്ടാകണം. എപ്പോഴും, എല്ലാവരോടും താഴ്മയുള്ളവരാകണം.

"താഴുവിൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും" യാക്കോബ് 4:10

എന്താണ് താഴ്മ? സുകൃതങ്ങളുടെ മാതാവാണ് താഴ്മ.

1. മറ്റുള്ളവരുടെ വേദനയെ വഹിക്കുന്നതും മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കുന്നതും താഴ്മ.

2. സ്വയം അപമാനം ഏൽക്കേണ്ടി വന്നാലും മറ്റുള്ളവരെ അപഹസിക്കാതിരിക്കുന്നതാണ് താഴ്മ.

3. സ്വന്തം ഇഷ്ടങ്ങൾ നടക്കാൻ കഴിയാതെ വന്നാൽ നിരാശയും തുടർച്ചയും കൂടാതെയിരിക്കുകയും, മറ്റുള്ളവരുടെ ആഗ്രഹങ്ങൾക്ക് തടസ്സമാകാതെയുമിരിക്കുന്നതാണ് താഴ്മ.

"ദൈവരാജ്യത്തിലെ പടവുകൾ താഴേക്ക് പോകുന്നവയാണ് കൂടുതൽ താഴ്മയുള്ളവൻ. കൂടുതൽ ഉയരത്തിൽ" – St. Basil the Great.



കേരളത്തിലെ വിവിധ സഭകളുടെ എക്യുമെനിക്കൽ സമ്മേളനം പാലായിൽ

പാലാ: സീറോ മലബാർ എക്യുമെനിക്കൽ എഡ്യുക്കേഷണൽ കമ്മിഷനുകളുടെ ആഭിമുഖ്യത്തിൽ ഒരു എക്യുമെനിക്കൽ യോഗം പൊതു വിദ്യാഭ്യാസ എയ്ഡഡ് മേഖലയിലെ പ്രതിസന്ധികളും ക്രൈസ്തവ സഭകളുടെയും സമുദായങ്ങളുടെയും സമകാലിക വിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2025 ഒക്ടോബർ 15-നു പാലാ ബിഷപ്പ് ഹൗസിൽ വെച്ച് കേരളത്തിലെ വിവിധ സഭകളിലെ പിതാക്കന്മാരുടെ നേതൃത്തത്തിൽ നടന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ പ്രതിനിധീകരിച്ച് പ. ബസേലിയോസ് മാർ ത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യുഹാനോൻ മാർ ദീയസ്കോറോസും യോഗത്തിൽ സംബന്ധിച്ചു.

Church Calendar

Beware of Empty Religion



Fifth Sunday after the Holy Cross

(St. Matthew 23:1–12)

Fr Aaron Joshua John

In today's Gospel, Christ addresses the crowds and His disciples about the scribes and Pharisees. He acknowledges their authority to teach, for they sit on Moses' seat, but He warns, "Do whatever they teach you, but do not do as they do, for they do not practice what they teach." Their hypocrisy is clear, they impose heavy burdens on others, seek honor in public, and love to be called "Rabbi." In sharp contrast, Christ teaches that true greatness lies in humility, "The greatest among you will be your servant." This passage confronts us with the danger of religious pride and the call to humility in service, especially as we gather for the Holy Qurbana.

1. **Hypocrisy and the Weight of Empty Religion**

The scribes and Pharisees were consumed with appearances. They loved titles, places of honor, and external signs of piety, but their hearts were far from God. This is the danger of religion without mercy. Job, in his suffering (Job 6:1–10), cries out against friends who add to his pain with empty words instead of compassion. Similarly, the Pharisees bound burdens but would not lift them. Isaiah 40:27–31 reminds us that God Himself lifts the weary, giving strength to the faint and power to the powerless. True religion does not weigh people down but lifts them into God's life. St. John Chrysostom says, "The Church is not a courtroom but a hospital for souls." To bind others with demands while neglecting mercy is to betray the God who carries us in His love.

2. **Humility and the Greatness of Servanthood**

Against the pride of the Pharisees, Christ teaches the law of humility, "Whoever exalts himself will be humbled, and whoever humbles himself will be exalted." This reverses the world's logic, where power is measured by domination. In Acts 22:22–29, Paul stands humbly as a prisoner yet witnesses boldly to Christ, showing that true authority lies not in titles but in faithful service. 1 Timothy 6:13–21 exhorts believers to pursue righteousness, godliness, faith, love, endurance, and gentleness, virtues that flow from humility. St. Augustine writes, "It was pride that changed angels into devils;



it is humility that makes men as angels." In the Holy Qurbana, this humility is embodied. The celebrant bows before the altar, the faithful exchange the kiss of peace, and all approach the chalice not as exalted individuals but as sinners in need of mercy. Here Christ, the Servant of all, gives His Body and Blood as food for our salvation.

Beloved in Christ, the Gospel today challenges us to examine our own hearts. Do we practice what we proclaim? Do we seek honor from others, or do we walk in humility before God? Christ calls us to reject the heavy burdens of empty religion and embrace the light yoke of mercy, humility, and service. As we participate in the Holy Qurbana, let us remember that greatness is not found in titles or recognition but in serving one another with love. May we live out Christ's words, "The greatest among you will be your servant," so that in humbling ourselves, we may be exalted in His eternal Kingdom.



സഹോദരൻ പദ്ധതിയും പുതുപ്പള്ളി പാറേട്ട് മാർ ഈവാനിയോസ് ആശുപത്രിയും സംയുക്തമായി നടത്തുന്ന പാലിയേറ്റീവ് കെയറിന്റെ ഒന്നാം വാർഷികം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



കേരള സംസ്ഥാന NRI Commission അംഗം ഡോ. മാത്യൂസ് കെ ലൂക്കോസ് മന്യോട്ട് കോട്ടയം ഓർത്തഡോക്സ് സെമനാരി സന്ദർശിച്ചപ്പോൾ.

മറുപുറം

അപഹരിക്കപ്പെടുന്ന ജീവിതങ്ങൾ...

ഫാ. അജീഷ് ബാബു



ഞാനും ഒരു മനുഷ്യനാണ് എനിക്കും മറ്റുള്ളവരെ പോലെ ഫീലിംഗ് ഉണ്ട്. ശവംവാരി എന്ന കളിയാക്കി വിളിയിൽ എനിക്ക് കാര്യമായി വേദന തോന്നാറില്ലെങ്കിലും അടുപ്പമുള്ളവന് ഞാൻ കരുതിയവരൊക്കെ എന്നെ അകറ്റി നിർത്തുന്നത് എനിക്ക് സഹിക്കുന്നില്ല. മൃതശരീരങ്ങളെ പ്രണയിച്ചു പോയ വിനു എന്ന ചെറുപ്പക്കാരന്റെ ജീവിതാനുഭവങ്ങളുടെ പങ്കുവെയ്പ്പാണ് ഒരു ശവം വാരിയുടെ ആത്മകഥ, മരണക്കൂട്ട് എന്ന പുസ്തകം. സ്വയം തിരഞ്ഞെടുക്കുന്ന ജോലിക്ക് അനുസരിച്ച് പൊതുസമൂഹം വേർതിരിവുകൾ സൃഷ്ടിക്കുകയും അധികാരമേധാവിത്വം പുലർത്തുകയും ചെയ്യും. ഇതിനിടയിൽ അധികാരികളുടെ നിലപാടുകളുടെ മുന്നിൽ മനസ്സും ശരീരവും അടിമകളാക്കി നാം നിന്നുപോകും, അപഹരിക്കപ്പെട്ട ജീവിതങ്ങളായി.

ദാസി എന്ന നിലയിൽ അവളുടെ ശരീരത്തെ സാറ കീഴ്പ്പെടുത്തിയിരുന്നു. സ്വന്തം ശരീരം പങ്കിടുവാൻ അബ്രഹാമിനോട് സാറ തന്റെ ആഗ്രഹം പറയുന്നതിനു മുന്നേ ദാസിയോട് പറഞ്ഞിരിക്കണം, അല്ലെങ്കിൽ അവളുടെ ശരീരത്തെ അവളുടെ സ്വാതന്ത്ര്യം ഇല്ലാതെ തന്നെ സാറായിക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ അധികാരമുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി ആയിരിക്കണം. എന്തു തന്നെയായാലും സാറയുടെ വാക്കുകൾക്ക് വഴങ്ങി അബ്രഹാമിനോടൊപ്പം ശരീരം പങ്കിടേണ്ടി വരുന്ന ഹാഗാർ എല്ലാ കാലത്തും സ്ത്രീകൾ അനുഭവിക്കുന്ന നൊമ്പരങ്ങളുടെ പ്രതിനിധിയാണ്. കുടുംബജീവിതത്തിൽ കുഞ്ഞുങ്ങൾ ഇല്ല എന്ന ശൂന്യത പരിഹരിക്കാൻ സാറ തിരഞ്ഞെടുത്ത വാടക ഗർഭമാണ് ഹാഗാർ. എന്നിട്ടും എന്തിനാണ് ഇത്രയധികം അനീതി ഹാഗാറിന്റെ നേരെ സാറ ചെയ്യുന്നത്. ദൈവം തിരഞ്ഞെടുത്തു എന്നതുകൊണ്ട് അബ്രഹാമിനെയും അവന്റെ ഭവനത്തെയും നമ്മുടെ ആത്മീയ പരിസരങ്ങളിൽ വല്ലാതെ പുകഴ്ത്തി പറയാറുണ്ട്. അവർ കാണിച്ച അനീതിക്ക് നേരെ മൗനം പാലിക്കും. സാറായി ഹാഗാർ ബന്ധങ്ങളിൽ, നിലപാടിൽ അബ്രഹാമിനെ സാറ വല്ലാതെ നിശബ്ദമാക്കുന്നു. സാറയുടെ ക്രൂരമായ നിലപാടുകൾക്കു മുമ്പിൽ മനസ്സ് തകർന്ന മൗനിയാണ് അയാൾ. സാറയുടെ ക്രൂരതയ്ക്കു മുന്നിൽ രണ്ടു പ്രാവശ്യമാണ് ഹാഗാർ മരുഭൂമിയിലേക്ക് ഓടിപ്പോകുന്നത്. ഈ രണ്ടു പ്രാവശ്യവും സാറയുടെ ക്രൂരമായ വാക്കുകൾ അവളുടെ ശരീരത്തെ, മനസ്സിനെ മരുഭൂമിയിലേക്ക് കൊണ്ട് എത്തിച്ചു.

ശരീരം

ഗർഭം ധരിച്ച ഹാഗാറിനോട് അകലം പാലിക്കുന്ന സാറായാണ് അക്രമങ്ങൾ അഴിച്ചുവിടുന്നത്. സാറ ഉയർത്തുന്ന ആരോപണം ഹാഗാർ സാറായിൽ നിന്ദിക്കുന്നു എന്നാണ്. അതുണ്ടാവാൻ സാധ്യത വളരെ കുറവാണ് കാരണം തന്റെ ദാസിയുടെ ശരീരത്തിന്റെ മേൽ അധികാരമുള്ള യജമാനത്തിയെ ദാസി എങ്ങനെയാണ് ശരീരം കൊണ്ട് നിന്ദിക്കുന്നത്. സാറ ഹാഗാറിനെതിരെ ആരോപണം ഉന്നയിക്കുന്നത് വഴി വംശീയ വർഗീയതയുടെ പുതിയ അടയാളങ്ങളാണ് അവളുടെ ശരീരത്തിൽ സാറ ആരോപിക്കുന്നത്. ഗർഭിണിയായ ഹാഗാർ മരുഭൂമിയിലേക്ക്.

സാറ അബ്രഹാമിനോട് പറയുന്നത് ഗർഭിണിയായ ഇവൾ ഇന്നെനിക്കൊരു ദുഃഖമാണ്. എന്തുകൊണ്ട് അവൾ ഒരു ദുഃഖമായി?. ഹാഗാർ ശരീരരൂപത്തിൽ പഴയതിൽ നിന്ന് വളരെ വ്യത്യസ്തമായി, അതീവ സുന്ദരിയായി. ഉദരത്തിൽ ജീവൻ തുടിക്കുന്ന അമ്മയുടെ സൗന്ദര്യം ഹാഗാറിൽ ജീവൻ വച്ചു തുടങ്ങി. ഗർഭിണിയുടെ സൗന്ദര്യവും ജീവൻ തുടങ്ങിയ അവളുടെ ശരീരം സാറായുടെ മുന്നിൽ നിത്യ ദുഃഖമാണ്. ഹാഗാർ ഗർഭിണിയായതിനുശേഷം അബ്രഹാം അതീവ സന്തോഷത്തിലാണ്. ആ ആ സന്തോഷത്തോടും പൊരുത്തപ്പെടാനും സാറായിക്ക് കഴിയുന്നില്ല. സന്തോഷത്തോടെ ചേർന്നുനിൽക്കാത്ത, പൊരുത്തപ്പെടാൻ കഴിയാത്ത അവൾ ക്രൂരമായി പെരുമാറി തുടങ്ങി. ചെറുത്തുനിൽക്കാൻ പ്രാപ്തിയില്ലാത്ത ഹാഗാർ തന്റെ ശരീരവുമായി മരുഭൂമിയിലേക്ക് ഓടുന്ന ഓട്ടം അതിദയനീയമാണ്. ശൂർ മരുഭൂമിക്കരികെ ഇതാ ഒരു നീരുറവ. അവിടെവച്ച് ദൈവം അവളെ കണ്ടു. മരുഭൂമിയിലേക്കുള്ള ഓട്ടത്തിനിടയിൽ ഈ ദൈവത്തിന്റെ നീരുറവ ഹാഗാറിന്റെ വേഗത ഉറച്ചു. അവൾക്ക് മടക്കയാത്രയുടെ വഴിയാണ് ഉപദേശിക്കുന്നത്. പ്രതിരോധത്തിന്റെ മടക്കയാത്രയാണ്. ദൈവം അവളോട് പറയുന്നത് നിന്റെ ഒരു കുഞ്ഞിനെ പ്രതി അവൾ നിന്നോട് ക്രൂരത കാട്ടിയെങ്കിൽ നിന്റെ തലമുറകൾ അവൾക്ക് എണ്ണി തീരാത്തവണ്ണം ഞാൻ വർദ്ധിപ്പിക്കും. മരുഭൂമിയിലേക്കുള്ള മരണത്തിന്റെ വഴികളിൽനിന്ന് പ്രതിരോധത്തിന്റെ, ചെറുത്തുനിർപ്പിന്റെ ആവേശവുമായി അവൾ മടങ്ങിപ്പോകുന്നു. ഒന്നാം മരുഭൂമി മടക്കയാത്ര കുഞ്ഞിന് ജീവൻ നൽകാൻ വേണ്ടിയാണ്. ദാസിയായ ഹാഗാർ മടങ്ങിയെത്തിയശേഷം അബ്രഹാമിന്റെ ഭവനത്തിൽ സാറായുടെ പരിഹാസത്തെയും ക്രൂരതകളെയും മൗനം കൊണ്ടും സ്നേഹസൗഹൃദങ്ങൾ കൊണ്ടും ചെറുത്തു തോൽപ്പിച്ചു. പൊരുത്തപ്പെടാൻ കഴിയാത്ത വാക്കുകൾ ഹാഗാർ കേൾക്കുന്നതിനിടയിൽ മരുഭൂമിയിൽ കെട്ടദൈവത്തിന്റെ ശബ്ദം ഒരു മഴ പോലെയാണ് അവളിൽ പെയ്യുന്നത്. നിന്ന് വാചകങ്ങൾ കേൾക്കുന്നതിനിടയിൽ ദൈവത്തിന്റെ ചിരിയാണ് അവൾ ചിരിക്കുന്നത്. അവളുടെ കണ്ണ് സാറായുടെ ക്രൂരതയ്ക്ക് മുന്നിൽ പിന്നീട് നിറഞ്ഞിട്ടില്ല.

ഹാഗാറിന്റെ നിറവയർ വംശീയ അധികാരത്തിന് നേരെ കൈ ഉയർത്തുന്ന ദൈവത്തിന്റെ പ്രതിരോധത്തിന്റെ അടയാളമാണ്.

മരുഭൂമി

മരുഭൂമിയിൽ നിന്ന് മടങ്ങി ജീവിതത്തിലേക്ക് തിരികെ പോകുന്ന ഹാഗാർ. താൻ ഇതുവരെതാൻ ഇതുവരെ ജീവിതത്തിൽ അനുഭവിച്ചിട്ടില്ലാത്ത ദൈവത്തിന്റെ വേറൊരു സ്വഭാവത്തെ, രൂപത്തെ അബ്രഹാമിന് പരിചയപ്പെടുത്തി കൊടുത്തു.

ദൈവം അനാഥന്റെ പക്ഷം ചേരുന്ന ദൈവമാണ് എന്ന് അബ്രഹാമിന് മനസ്സിലായി.

തന്റെ മാത്രം കുടുംബ കേന്ദ്രീകൃതമായിരുന്ന ദൈവം എന്റെ ദാസിയിലേക്കും അടുത്തിരിക്കുന്നു, അതുകൊണ്ടാണ് തന്റെ ഭാര്യ ഏറെ ഭയപ്പെടുത്തിയിട്ടും ഹാഗാർ സന്തോഷത്തോടെ നിൽക്കുന്നത്. അവൾ ഓടിയ മരുഭൂമിയിൽ ആരെയോ കണ്ടെത്തിയിരിക്കുന്നു, അതുതന്നെ ദൈവമാണെന്ന് അബ്രഹാം തിരിച്ചറിയുന്നു.

സാറായിയുടെ മുന്നിലുള്ള അബ്രഹാമിന്റെ നിശബ്ദത ഹാഗാറിനു വേണ്ടി തന്നെയാണ് ചിലപ്പോഴൊക്കെ തോന്നിപ്പോകും. രാത്രികളിൽ അബ്രഹാം സാറായോട് തന്റെ മൗനം വെടിഞ്ഞ് പറഞ്ഞു: 'മരുഭൂമിയിൽ അവൾ നാം പരിചയപ്പെട്ട ദൈവത്തെ കണ്ടു. ചിലപ്പോഴൊക്കെ അവളെ എനിക്ക് മൂന്നായി തോന്നാറുണ്ട് സാറ, അവൾ കരയാറില്ല. അവൾ എപ്പോഴും ചിരിക്കുന്നു. ദൈവത്തിന്റെ ചിരി.'

ദൈവം തൊട്ടവർ എപ്പോഴും മൂന്നായി മാറും. രണ്ടു ചെവികൾക്ക് പുറത്ത് മൂന്നാമത്തെ ദൈവത്തിന്റെ ചെവിയുമായി രണ്ടു കണ്ണുകൾക്ക് പുറത്ത് മൂന്നാമത്തെ ദൈവത്തിന്റെ കണ്ണുമായി. 'സാറ അവൾ മൗനം കൊണ്ട് ദൈവത്തെപ്പോലെ ചിരിക്കുന്നു'.

വില്യം ലോഗന്റെ മലബാർ മാന്വലിൽ പോർച്ചുഗീസ് ചരിത്രം പറയുമ്പോൾ, 1502-ൽ ഗാമയുടെ രണ്ടാം യാത്രയിൽ അറേബ്യൻ ഉൾക്കടലിൽവെച്ചു നടന്ന അത്യന്തം സ്തോഭജനകമായ മനുഷ്യക്കുരുതിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. കോഴിക്കോട്ടു രാജാവിന്റെ കടൽ വ്യാപാരത്തിന്റെ മേധാവിയായിരുന്ന കോജാ കാസമിന്റെ സഹോദരന്റെ കപ്പൽ വാസ്കോഡ ഗാമയുടെ ദൃഷ്ടിയിൽപ്പെടുകയും അതിലുള്ള 700 മൂറുകളെയടക്കം, ഗാമ അഗ്നിക്കിരയാക്കുകയും ചെയ്തു. പ്രാണരക്ഷാർഥം കടലിൽ ചാടിയവരെപ്പോലും വെറുതേ വിട്ടില്ല. കുന്തങ്ങളെറിഞ്ഞു കൊലപ്പെടുത്തി. ഗാമയുടെ ചെയ്തികൾ മനുഷ്യരൂപം ധരിച്ച ഒരു പിശാചിന്റെതായിരുന്നു എന്ന് അറിയാതെ, സത്യസന്ധമായി പറയുന്നുണ്ട് വില്യം ലോഗൻ. അധിനിവേശത്തെക്കുറിച്ചുള്ള, അപരവത്കരിക്കപ്പെടുന്ന ജീവിതങ്ങളിലും ചരിത്രത്തിലെ എല്ലാ കാലത്തും ക്രൂരതകൾ ഉണ്ട്. ❑

ഗ്രിഗോറിയൻ പ്രബന്ധ രചനാമത്സരം 2025

വിശ്വപ്രസിദ്ധ ചിന്തകനും ദൈവശാസ്ത്രജ്ഞനുമായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഗ്രിഗോറിയൻ ദർശനങ്ങളെക്കുറിച്ച് പ്രബന്ധ രചനാ മത്സരം സംഘടിപ്പിക്കുന്നു.

വിഷയങ്ങൾ: 1. പ്രപഞ്ചത്തിന്റെ സുസ്ഥിരമായ ഭാവി: ഗ്രിഗോറിയൻ ദർശനം (Towards a sustainable Future: Gregorian Vision).

2. റഷ്യയിൽ നടന്ന റൗണ്ട് ടേബിൾ കോൺഫറൻസുകളിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പങ്കും ആ കോൺഫറൻസുകൾ ലോക സമാധാനത്തിനു നൽകിയ സംഭാവനകളും (The role of Dr. Paul Mar Gregorios in the Round Table Conferences held in Russia and the contributions those conferences made to world peace).

3. മലങ്കര ഓർത്തഡോക്സ് സഭയും റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള സഭൈക്യ സംഭാഷണങ്ങൾ: ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പങ്ക് (Dialogues on Ecumenical Unity between the Malankara Orthodox Church and the Roman Catholic Church: The Role of Dr. Paulos Mar Gregorios).

ഈ മൂന്ന് വിഷയങ്ങളിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 10 A4 പേജ് വരുന്ന ഒരു പ്രബന്ധം (12 പോയിന്റ് അക്ഷര വലിപ്പം, spacing: normal) രചിച്ച് 7012270083 എന്ന വാട്സാപ്പ് നമ്പറിലോ mtvmosc@gmail.com എന്ന ഇ മെയിലിലോ അയയ്ക്കുക. പ്രബന്ധം ലഭിക്കേണ്ട അവസാന തീയതി: നവംബർ 15, 2025.

ഒന്നാം സമ്മാനം: 5000 രൂപയും 2000 രൂപ വിലയുള്ള ഗ്രിഗോറിയൻ രചനകളും. രണ്ടാം സമ്മാനം : 3000 രൂപയും 2000 രൂപ വിലയുള്ള ഗ്രിഗോറിയൻ രചനകളും. മൂന്നാം സമ്മാനം : 2000 രൂപയും 2000 രൂപ വിലയുള്ള ഗ്രിഗോറിയൻ രചനകളും. പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

ജാതിമതവ്യത്യാസമോ പ്രായപരിധിയോ ഇല്ല.
ഏവർക്കും പങ്കെടുക്കാം. ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം.

പ്രത്യേകം ശ്രദ്ധിക്കുക: വിഷയങ്ങളെക്കുറിച്ച് ഗവേഷണം ചെയ്തും പഠിച്ചും എഴുതുക. മാർ ഗ്രീഗോറിയോസിന്റെ ജീവചരിത്രരേഖ എഴുതി പേജ് തികയ്ക്കാൻ ശ്രമിക്കാതിരിക്കുക. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ തയ്യാറാക്കിയ രചനകൾ സ്വീകരിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്കും നിങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തെക്കുറിച്ചുള്ള പ്രബന്ധ രചനയ്ക്കാവശ്യമായ സോഴ്സുകൾക്കും ബന്ധപ്പെടുക: 7012270083.

സംഘാടകർ: ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, കോട്ടയം.



യു.ഡി.എഫ്. കൺവീനർ അഡ്വ. അടൂർ പ്രകാശ് എം.പി. മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. കാതോലിക്കാ ബാവായുമായി കൂടിക്കാഴ്ച്ച നടത്തി. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് അംഗം റോബിൻ പീറ്ററും ഒപ്പമുണ്ടായിരുന്നു. സഭാ ആസ്ഥാനത്ത് അരമന മാനേജർ ഫാ. യാക്കോബ് തോമസ് റമ്പാൻ, മലങ്കര മൽപ്പാൻ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്കോപ്പാ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു.



AURA 2025 (Bi-Annual OCYM Leadership Camp) of OCYM UK, Europe & Africa Diocese inaugurated by Dr. Geevarghese Mar Yulios, Metropolitan. Opening address delivered by Abraham Mar Stephanos.

പ്ലാറ്റിനും ജൂബിലി ലോഗോ - ക്യാപ്ഷൻ മത്സരം

ഡൽഹി: ഹോസ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി ലോഗോയും ക്യാപ്ഷനും ക്ഷണിക്കുന്നു. ഡൽഹിയിലെയും സമീപ ഇടവകകളിലെയും അംഗങ്ങൾക്കും ഈ ദേവാലയത്തിൽ മുൻപ് അംഗങ്ങൾ ആയിരുന്നവരും ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി താമസിക്കുന്നവർക്കും, കത്തീഡ്രൽ ഉടമസ്ഥതയിൽ ഉള്ള ഹോസ്ഖാസ്, ആയാ നഗർ, സോനാ റോഡ് എന്നിവിടങ്ങളിലെ സ്കൂൾ കുടുംബത്തിലെ അംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. **E-mail: stmarysorthodoxcathedraldelhi@gmail.com**



ചേപ്പാട് സംഭവം മതവിശ്വാസത്തിന് നേരെയുള്ള ബുൾഡോസർരാജ്

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അതിപുരാതനവും കേന്ദ്ര പൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ദേവാലയമാണ് മാവേലിക്കര ഭദ്രാസനത്തിലെ ചേപ്പാട് സെന്റ് ജോർജ്ജ് വലിയ പള്ളി. 1000 വർഷത്തിലധികം പഴക്കമുള്ള പള്ളിയും വിശുദ്ധ മദ്ബഹായിലെ ചുവർ ചിത്രങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണെന്ന് കേന്ദ്ര പുരാവസ്തു ഗവേഷണകേന്ദ്രം തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. മലങ്കരസഭാ വിശ്വാസികൾ മാത്രമല്ല, നാനാജാതി മതസ്ഥരായ മനുഷ്യരുടെ പ്രാർത്ഥനാകേന്ദ്രമാണ് ചേപ്പാട് പള്ളി. ദേശീയപാതയുടെ നിർമ്മാണത്തിനായി പള്ളിയും അനുബന്ധ സ്ഥാപനങ്ങളും പൊളിക്കേണ്ടി വരില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം 29-07-2021 ൽ രേഖാമൂലം സഭയെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ചേപ്പാട് പള്ളി കക്ഷിയായ കേസ് കോടതിയുടെ പരിഗണനയിലിരിക്കെ കഴിഞ്ഞ ദിവസം റവന്യൂ, പോലീസ് അധികാരികൾ കാട്ടിയ അക്രമം മതേതര കേരളത്തിന്റെ ഹൃദയത്തിലേറ്റ മുറിവാണെന്ന് മലങ്കരസഭയുടെ മാധ്യമ വിഭാഗം തലവൻ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ പറഞ്ഞു. പൗരാണികമായ കൽക്കുരിശ് തകർക്കുന്ന ദൃശ്യങ്ങൾ ക്രൈസ്തവരെ മാത്രമല്ല വിശ്വാസികളായ ഏവരെയും ഞെട്ടിച്ചു.

നിയമപരമായ നടപടിക്രമം പൂർത്തീകരിച്ച് നാട്ടിൽ വികസനം സൃഷ്ടിക്കുന്നതിന് മലങ്കരസഭ ഒരു കാലത്തും എതിരല്ല. അടുത്തിടെ എറണാകുളം ജില്ലയിലെ ചാത്തമറ്റം പള്ളിയുടെ സ്ഥലം റോഡ് വികസനത്തിനായി വിട്ടുനൽകി മാതൃക തീർത്ത വിശ്വാസിസമൂഹമാണ് ഈ സഭയുടേത്. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ. യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് വലിയ കെട്ടിടങ്ങൾ തന്നെ മാറ്റിസ്ഥാപിക്കാൻ കഴിയുന്ന നാട്ടിൽ അതിന് മുതിരാതെ, സാവകാശം നൽകാതെ മതവികാരത്തെ വ്രണപ്പെടുത്തുകയാണ് ചെയ്തത്. സഹനത്തിന്റെ പ്രതീകമായ കുരിശ് എന്നത് വിശ്വാസിക്ക് പ്രത്യാശയും പ്രതീക്ഷയുമാണെന്ന് അറിവില്ലാത്തവരല്ല ഉദ്യോ?ഗസ്ഥർ. എന്നിട്ടും കുരിശ് തകർക്കണമെങ്കിൽ അതിന് പിന്നിൽ ഗൂഢാലോചന സംശയിക്കേണ്ടിയിരിക്കുന്നു. പല വിവാദങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാനുള്ള ബോധപൂർവ്വമായ ശ്രമം ഇവിടെ നടന്നിട്ടുണ്ടെന്ന് സാമാന്യജനസമൂഹം ചിന്തിച്ചാൽ തെറ്റുപറയാൻ കഴിയില്ലെന്നും മെത്രാപ്പോലീത്താ പ്രതികരിച്ചു.

അതിപുരാതനമായ കൽക്കുരിശ് പൊളിക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയാറാകണം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ബുൾഡോസർ രാജ് കേരളത്തിലും നടപ്പാക്കാനാണ് നീക്കമെങ്കിൽ കനത്ത വില നൽകേണ്ടി വരുമെന്നും ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

ചേപ്പാട് കുരിശടി തകർത്തത് ആസൂത്രിത അവഹേളനം: അഡ്വ. ബിജു ഉമ്മൻ

കോട്ടയം: നൂറ്റാണ്ടുകൾ പഴക്കവും ചരിത്ര പ്രധാന്യവുമുള്ള ചേപ്പാട് പള്ളിയുടെ കുരിശടി തകർത്തത് കടുത്ത നിയമ ലംഘനവും ക്രൈസ്തവ വിശ്വാസികളോടുള്ള അവഹേളനവുമാണെന്ന് മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രസ്താവിച്ചു. ക്രൈസ്തവ വിശ്വാസികൾ രക്ഷയുടെ പ്രതീകമായി കാണുന്ന കുരിശ് അവഹേളനപൂർവം തകർത്ത്, സമാധാന അന്തരീക്ഷം ഇല്ലാതാക്കാൻ ശ്രമിച്ച ഹൈവേ അതോറിറ്റിയുടെ ഉദ്യോഗസ്ഥരേയും അവർക്ക് ഒത്താശ ചെയ്ത രാഷ്ട്രീയ നേതൃത്വത്തെയും പൊതുസമൂഹം തിരിച്ചറിയും. പൂർവ കാലത്ത് ചില തീവ്രവാദ പ്രസ്ഥാനങ്ങൾ നടത്തിയ ക്രൈസ്തവ പീഡനത്തിന്റെ ഭീതിപ്പെടുത്തുന്ന ദൃശ്യങ്ങളെ അനുസ്മരിപ്പിക്കുന്ന പോലെ കുരിശടി തകർത്തതിലെ ഇംഗിതം ദുരൂഹമാണ്. നിയപരമായതും സാമാന്യ മര്യാദപ്രകാരവുമുള്ളതുമായ യാതൊരു നടപടികളും പൂർത്തിയാക്കാതെ നടത്തിയ ഈ പ്രകോപനം സമൂഹത്തിന്റെ ക്രമസമാധാനവും സൗഹാർദവും തകർക്കാൻ മാത്രമേ ഉപകരിക്കൂ. ഉദാസീനതയില്ലാതെ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ സത്വര നടപടികൾ സ്വീകരിക്കുകയും കുരിശടി ഉടൻ പുനഃസ്ഥാപിക്കുകയും ചെയ്യണമെന്നും അഡ്വ. ബിജു ഉമ്മൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.



അന്തരിച്ച അഡ്വ. സി. ടി. ജോസഫിന്റെ ഭൗതികശരീരത്തിൽ പരിശുദ്ധ സഭയ്ക്ക് വേണ്ടി അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം പുഷ്പചക്രം സമർപ്പിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു. അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ സമീപം.

A Life of Silent Service: Remembering Fr. Thomas Geevarghese

The life of Fr. Thomas Geevarghese, affectionately known as Fr. Subin, a founding member of Orthodoxy Cognate PAGE, was one of faith, humility, and dedication, a quiet yet powerful witness to the love of God and the life of the Church.

After completing his Bachelor's in Engineering and Master's in Business Administration from the Cochin University of Science and Technology (CUSAT), one of the leading universities in Kerala, Fr. Subin began his career in a prominent IT firm in India. Yet, even while immersed in his professional life, his heart remained deeply rooted in the Orthodox faith and in the life of the Church. The vision of creating a movement that could bring together Orthodox Christians from across the world began to take shape in his mind. With his friends, he helped to establish the Orthodoxy Cognate PAGE (OCP). From its very beginning, he played a crucial role in structuring, organizing, and guiding this initiative inspiring many to join the mission and using technology wisely as a tool for strengthening the witness of the Church.

When he chose the path of unmarried priesthood, his family initially opposed his decision, but he stood firm in his divine calling, and in time, they lovingly accepted his choice. Answering the divine call to priesthood, Fr. Subin left behind his career and entered the Madras Diocese of the Malankara Orthodox Church (Indian Orthodox Church). There he joined the Community of St. Dionysius (CSD), a monastic fellowship devoted to prayer and service. Following his ordination to the priesthood, his thirst for learning did not cease. He went on to pursue an M.A. in Christianity from Madras University, deepening his theological understanding and spiritual insight. Later, he also completed a Bachelor of Social Work (BSW), reflecting his enduring compassion for people and his commitment to serve society with love and humility.

Under the guidance of the diocesan Metropolitan, he was sent to serve in the Dindigul Mission, historically connected to the Western Rite of the Malankara Orthodox Church. As a result of this mission service During his time there in Dindigul, he played an instrumental role in rediscovering and preserving important aspects of this forgotten heritage. Among his many contributions were the rediscovery of a Tabalitha (altar stone) sanctified by St. Gregorios of Parumala, which he reverently presented to the Madras Diocese. He also worked closely with the Church leadership in studying and reviving the liturgical traditions of the early Western Rite community, a task that combined his historical insight with his deep spiritual devotion.

In addition to his pastoral and organizational work, Fr. Subin was also a thoughtful writer and apologist for the Orthodox faith. Writing under the pen name "Abded Nuhro"; a name known only to a few, he authored numerous articles on theological and ecclesiastical topics. Many of his writings firmly addressed the so called "Reunion Movement" of 1930, through which a group led by Mar Ivanios entered into communion with the Roman Catholic Church, forming what is now the Syro-Malankara Catholic Church. Fr. Subin consistently clarified in his writings and sermons that this event was not a "re-unite" but rather a unite movement, a new union, not a restoration and often referred to it as an act of sheep-stealing by Rome on Indian soil.

During the COVID-19 pandemic, despite his failing health, he worked tirelessly to reach out to those in need, helping families, supporting seminary students, and standing by anyone who sought assistance. His service was quiet, his generosity unseen, but his impact was profound. Despite these, Fr. Subin was never one to seek attention. He helped countless people quietly, never announcing his kindness. His life reflected the words of the Lord:



Do not let your left hand know what your right hand is doing.-St. Mathew 6:3

Beyond theological discourse, Fr. Subin was a bridge builder among people. He maintained close and genuine friendships across all denominations within the Orthodox Church and beyond. His ability to connect hearts transcended ecclesiastical boundaries, he nurtured relationships with warmth, constant communication, and sincere love. He made every effort to keep these friendships alive, ensuring that the bonds of faith and fellowship remained strong. As a result, he built and sustained a vast and enduring circle of friends spread across the globe, who continue to cherish his memory and spirit of unity.

Even in times of illness, Fr. Subin never withdrew from his calling. He continued to serve Orthodoxy Cognate PAGE as a senior advisor and head of its Charity Mission, offering guidance, encouragement, and wisdom. He remained a pillar of support — helping to connect people, discerns important decisions, and carry forward the mission he had once helped to build.

Fr. Subin's life stands as a model for all who wish to follow Christ through sacrifice and faithfulness. He endured physical suffering with grace, never allowing it to diminish his love for God or his care for His flock. Many found in him a true shepherd — one who strengthened them in their Orthodox faith, gently guided those who had fallen away, and showed deep respect and love toward all Orthodox hierarchs and traditions.

At just 47 years of age, Fr. Thomas Geevarghese completed his earthly journey, leaving behind a legacy that continues to speak through the lives he touched and the mission he helped to shape. To all of us at Orthodoxy Cognate PAGE, he remains not merely a founder, but a brother and a spiritual friend — a man whose humility, wisdom, and faith continue to inspire.

Go in Peace our Father.

"I have fought the good fight, I have finished the race, I have kept the faith." (2 Timothy 4:7).

Source: **OCP News Service**



അഡ്വ. സി. റ്റി. ജോസഫ് അന്തരിച്ചു

കൊച്ചി: പ്രമുഖ അഭിഭാഷകൻ മുളന്തുരുത്തി ചെറുമക്കടയിൽ സി. റ്റി. ജോസഫ് (88) അന്തരിച്ചു. സിവിൽ നിയമത്തിൽ പ്രഗത്ഭനായ അഭിഭാഷകനായിരുന്നു. രണ്ടാം സമുദായക്കേസിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി സുപ്രീംകോടതിയിൽ മുതിർന്ന അഭിഭാഷകൻ ഫാലി എസ്. നരിമാനാനോടൊപ്പം ഹാജരായിട്ടുണ്ട്.

മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്കൂൾ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോസഫ് സാർ അധ്യാപന കാലഘട്ടത്തിൽ തന്നെ എറണാകുളം ലോ കോളേജിൽ ചേരുകയും പഠനം കഴിഞ്ഞ ശേഷം എറണാകുളത്തെ സീനിയർ സിവിൽ അഭിഭാഷകനായിരുന്ന അഡ്വ. ആർ. സി. പ്ലാപ്പിള്ളി സാറിന്റെ കീഴിൽ പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു, തുടർന്ന് എറണാകുളം രവിപുരത്ത് സ്വന്തമായി ഓഫീസ് തുടങ്ങുകയായിരുന്നു. എറണാകുളം ജില്ലാ കോടതിയിലും കേരള ഹൈക്കോടതിയിലും പ്രശസ്തമായ നിരവധി സിവിൽ കേസുകളിൽ ഹാജരായിട്ടുണ്ട്.

മലങ്കരസഭ കേസിൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ അഭിഭാഷകനായി ദീർഘകാലം പ്രവർത്തിച്ചിരുന്നു, സമുദായ കേസിന്റെ നടത്തിപ്പിൽ കേരള ഹൈക്കോടതിയിൽ നടന്ന വിസ്താരത്തിലും തുടർന്ന് 1995-ലെ സുപ്രീം കോടതിയിലെ വിധിക്ക് അടിസ്ഥാനമായ കേസ് നടത്തിപ്പിലും ഇന്ത്യ കണ്ട ഏറ്റവും പ്രഗൽഭനായ അഭിഭാഷകനായ അഡ്വ. ഫാലി എസ് നരിമാനുമായി ദീർഘകാലം സഹകരിച്ചു പ്രവർത്തിച്ചിരുന്നു, അഡ്വ. ഫാലി എസ് നരിമാൻ മരിക്കുന്നതുവരെ അഡ്വ. സി. റ്റി. ജോസഫുമായി ആത്മബന്ധം പുലർത്തിയിരുന്നു, അഡ്വക്കേറ്റ് സി. റ്റി. ജോസഫ് രോഗ ബാധിതനായി കഴിഞ്ഞ അവസരത്തിൽ അഡ്വ. ഫാലി എസ്. നരിമാൻ സ്വന്തം കൈപ്പടയിൽ രോഗശാന്തി നേർന്ന് അഡ്വ. സി. റ്റി. ജോസഫിന് അയച്ച കത്ത് അദ്ദേഹം നിധി പോലെ തന്റെ ഓഫീസിൽ സൂക്ഷിച്ചിരുന്നു.

അധ്യാപന കാലഘട്ടത്തിൽ ഒരു മാതൃക അധ്യാപകനായും അഭിഭാഷക വൃത്തിയിൽ തന്റെ തൊഴിലിനോട് നൂറു ശതമാനം സത്യസന്ധതയും നീതിയും പുലർത്തി ഒരു മാതൃകാ അഭിഭാഷകനായും അഡ്വക്കേറ്റ് സി. റ്റി. ജോസഫ് തിളങ്ങി.

സംസ്കാരം എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തി.

സഭാ സ്വാതന്ത്ര്യത്തിനായി പോരാടി

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നീതിക്കു വേണ്ടി വിശന്നു ദാഹിക്കുകയും നീതിയിലൂടെ തൃപ്തനാകുകയും ചെയ്ത ഒരു തികഞ്ഞ സഭാ സ്നേഹി. അന്തരിച്ച അഡ്വ. സി. ടി. ജോസഫിനെ ഓർക്കുമ്പോൾ വിശുദ്ധ മത്തായിയുടെ സുവിശേഷമാണ് മനസിലേക്ക് വരുന്നത്. മലങ്കരസഭയുടെ പ്രതിസന്ധി കാലത്ത് സഭയ്ക്ക് വേണ്ടിയും സഭയുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയും അഹോരാത്രം പ്രയത്നിച്ച അഭിഭാഷകനായിരുന്നു അദ്ദേഹം. കേസുകളുമായി ബന്ധപ്പെട്ട രേഖകളും കീഴ്ക്കോടതികളുടെ വിധികളുമടക്കം എല്ലാം അദ്ദേഹത്തിന് കാണാപാഠമായിരുന്നു. കേസുകൾക്ക് വേണ്ടി അദ്ദേഹം നടത്തിയിരുന്ന ഗൃഹപാഠം നേരിൽ കണ്ട് മനസിലാക്കുവാൻ എളിയവനായ എനിക്കും അവസരം ലഭിച്ചിട്ടുണ്ട്. 1995-ലെ കോടതി വിധി ലഭിക്കുമ്പോൾ ഏറ്റവും അധികം സന്തോഷിച്ച സഭാമക്കളിൽ ഒരാളാണ് സി. ടി. ജോസഫ്. നീതിക്കുവേണ്ടി വിശന്നു ദാഹിച്ച അദ്ദേഹത്തിന് കൂടി ലഭിച്ച ഉത്തരമായിരുന്നു പരിശുദ്ധ സഭയ്ക്ക് അനുകൂലമായ വിധി. അഡ്വ. സി. ടി. ജോസഫിന്റെ സേവനങ്ങളെ ഈ വേളയിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖാർത്ഥരായിരിക്കുന്ന കുടുംബാംഗങ്ങളെ സർവശക്തൻ ആശ്വസിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. ആദരാഞ്ജലികൾ.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് മറക്കാൻ കഴിയാത്ത അഡ്വ. സി. റ്റി. ജോസഫ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കേസ് നടത്തിപ്പിൽ ഒരിക്കലും മറക്കാൻ കഴിയാത്ത വ്യക്തിത്വമാണ് അഡ്വ. സി. റ്റി. ജോസഫിന്റേത്.

1995-ലെ സുപ്രീംകോടതി വിധിക്ക് അടിസ്ഥാനമായ രണ്ടാം സമുദായ കേസിലെ വിജയ ശില്പികളിൽ ഒരാളായിരുന്നു സി. റ്റി. ജോസഫ്. അതിബൃഹത്തായ സമുദായ കേസിന്റെ ആയിരക്കണക്കിന് പേജുകൾ അടങ്ങിയ കേസ് ഫയലുകൾ കൃത്യമായി പഠിക്കുകയും മനസിലാക്കുകയും ചെയ്തിരുന്ന പണ്ഡിതനായ അഭിഭാഷകൻ ആയിരുന്നു അദ്ദേഹം. സമുദായ കേസ് നടന്ന 1995 കാലയളവിൽ മൂന്നു മാസത്തോളം സീനിയർ അഡ്വക്കേറ്റ് ഫാലി എസ്. നരിമാന്റെ ഓഫീസിൽ നിത്യവും ഹാജരായി കേസ് വിവരങ്ങൾ അദ്ദേഹം ചർച്ച ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മറ്റ് എല്ലാ കേസുകളും മാറ്റിവെച്ച് സീനിയർ അഭിഭാഷകനായ നരിമാനുമായി നിരന്തരമായി അദ്ദേഹം ചർച്ച ചെയ്യുകയും നിയമ വശങ്ങൾ വിശകലനം ചെയ്യുകയും ചെയ്തതിന്റെ ഫലമായാണ് ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി നിർണ്ണായകമായ വിധി ഉണ്ടായത്.

കോടതിയിൽ തുടർച്ചയായി ഒന്നരമാസം സമുദായ കേസ് വാദം കേട്ടു. കേസ് വാദിക്കുന്ന അഭിഭാഷകരോ ജഡ്ജിമാരോ ഏതെങ്കിലും കേസ് ഫയലിലെ ഒരു പ്രമാണം ആവശ്യപ്പെട്ടാൽ അതിന്റെ പേപ്പർ ബുക്കിന്റെ വാല്യം നമ്പരും പേജും നിമിഷങ്ങൾക്കുള്ളിൽ സി. റ്റി. ജോസഫ് സീനിയർ അഭിഭാഷകർക്ക് പറഞ്ഞു കൊടുക്കുമായിരുന്നു.

കേസിന്റെ അന്തിമ വാദം നടന്ന അവസരത്തിൽ ജസ്റ്റീസ് ജീവൻ റെഡ്ഡി ഒരു പ്രമാണം കാണണമെന്ന് ആവശ്യപ്പെട്ടു.

നരിമാൻ ഉടൻ വിളിച്ചു: ‘മിസ്റ്റർ ജോസഫ്.’

വിളി കേട്ട പാട്ടേ സി. റ്റി. ജോസഫ് ഉത്തരം പറഞ്ഞു ‘വാല്യം 12 പേജ് 3225.’

സഭാ കേസ് സംബന്ധമായി ഇത്രയും പഠനങ്ങൾ നടത്തിയ അഭിഭാഷകർ വളരെ വിരളമാണ്.

സഭാ കേസ് നടത്തിപ്പിൽ ഇത്രയേറെ ഉൽസാഹത്തോടെയും ആത്മാർത്ഥമായും നിലകൊണ്ടവർ കുറവാണ്.

അദ്ദേഹത്തിന്റെ വിയോഗം സഭയ്ക്ക് വലിയ നഷ്ടമാണ്.

അനുശോചനം രേഖപ്പെടുത്തുന്നതിനോടൊപ്പം ആത്മാവിന്റ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

– എ. കെ. ജോസഫ്
(സഭാ മാനേജിംഗ് കമ്മിറ്റി അംഗം)